III സബ്മിഷൻ

(1). ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വർക്കല-ശിവഗിരി വഴി അടയുന്നത് സംബന്ധിച്ച്

ശ്രീ. വി. ജോയി: സർ, ദേശീയപാതാ 66-ന്റെ വികസനം എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി മാത്രം വന്നിട്ടുള്ളതാണെന്ന് നമുക്കറിയാം. ശ്രീനാരായണഗുരുവിന്റെ സമാധി സ്ഥലം സ്ഥിതിചെയ്യുന്ന ലോക പ്രശസ്തമായിട്ടുള്ള തീർത്ഥാടനകേന്ദ്രമാണ് വർക്കല ശിവഗിരി. ഓരോ വർഷവും തീർത്ഥാടനത്തിനും ചതയ ദിനത്തിനും മറ്റ് പ്രധാന സന്ദർഭങ്ങളിലുമായി ലക്ഷക്കണക്കിന് ഭക്തരാണ് ശിവഗിരിയിൽ എത്തിച്ചേരുന്നത്. കാസർഗോഡ്, കണ്ണൂർ മുതൽ കൊല്ലം വരെയുള്ള ജില്ലകളിൽനിന്നും നാഷണൽ ഹൈവേയുടെ പാരിപ്പള്ളി-മുക്കട ഭാഗത്തുനിന്നും തിരിഞ്ഞാണ് ശിവഗിരിയിലേയ്ക്ക് പോകുന്നത്. മുക്കട മുതൽ വർക്കല വരെയുള്ള റോഡ് സംസ്ഥാന ഹൈവേയാണ്. ഇപ്പോൾ ശിവഗിരിയിലേയ്ക്കുള്ള വഴി നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി പൂർണ്ണമായും അടച്ചിരിക്കുകയാണ്. എം.എൽ.എ.മാരെ ഡി.പി.ആർ. കാണിക്കാത്തതിനാൽ നിർമ്മാണഘട്ടത്തിലാണ് വഴി

അടഞ്ഞ കാര്യം ശ്രദ്ധയിൽപ്പെടുന്നത്. അവിടെ ആക്ഷൻ കൗൺസിൽ സമരം നടത്തിയിരുന്നു. എട്ട് കിലോമീറ്റർ ചുറ്റിവളഞ്ഞുവേണം ഇപ്പോൾ ശിവഗിരിയിലേയ്ക്കുള്ള റോഡിലേയ്ക്ക് കടക്കാൻ. അതിനാൽ വലിയ വാഹനങ്ങൾ കടന്നുപോകുന്ന വിധത്തിൽ ഒരു അടിപ്പാത അത്യാവശ്യമാണ്. സ്റ്റേറ്റ് ഹൈവേ റോഡ് വന്നുചേരാത്ത സ്ഥലത്തുപോലും അടിപ്പാത നിർമ്മിച്ചു. ശിവഗിരിയോട് നാഷണൽ ഹൈവേ അതോറിറ്റി തികഞ്ഞ അവജ്ഞയാണ് കാണിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഉടൻ ഇടപെടണം. ശിവഗിരിയിൽ തീർത്ഥാടകർക്ക് വന്നുപോകാനുള്ള സൗകര്യമൊരുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊല്ലം ഭാഗത്തുനിന്നും ശിവഗിരിയിലേയ്ക്കുള്ള വാഹനങ്ങൾ പാരിപ്പള്ളി-മുക്കട ജംഗ്ഷനിലെത്തി സംസ്ഥാന ഹൈവേയായ പാരിപ്പള്ളി പാളയംകുന്ന്-നടയറ– വർക്കല റോഡ് വഴിയാണ് ശിവഗിരിയിലെത്തുന്നത്. ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി വർക്കല ശിവഗിരിയിലേയ്ക്കുള്ള വഴി ദേശീയപാത അതോറിറ്റി അടയ്ക്കുന്ന സാഹചര്യമാണുള്ളത്. ശിവഗിരിയിലേയ്ക്ക് വരുന്ന തീർത്ഥാടകർക്ക് ഇത് വലിയ ബുദ്ധിമുട്ട്

സൃഷ്ടിക്കും. വർക്കല ശിവഗിരി റോഡ് ദേശീയപാതയുമായി ചേരുന്ന ഭാഗത്ത് ഒരു ലൈറ്റ് വെഹിക്കുലർ അണ്ടർ പാസ് പണിയുന്നതിനുള്ള നിർദ്ദേശം change of scope പ്രൊപ്പോസലായി പരിഗണനയിലുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ശിവഗിരി തീർത്ഥാടകർക്കുൾപ്പെടെ ശിവഗിരിയിലേയ്ക്ക് സുഗമമായി യാത്ര ചെയ്യുന്നതിന് ദേശീയപാതാ വികസനം തടസ്സമാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ദേശീയപാതാ അതോറിറ്റിയോട് സർക്കാർ ആവശ്യപ്പെടുന്നതാണ്.

(2) യുട്യൂബ് ചാനലുകളുടെ നിയന്ത്രണം

ശ്രീ. പി. വി. അൻവർ: സർ, ബഹുമാനപ്പെട്ട ചെയർ എനിക്ക് രണ്ട് മിനിട്ട് അനുവദിക്കണം. ഈ വിഷയം നാടിനെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണ്. സംസ്ഥാനത്തെ ചില യുട്യൂബ് ചാനലുകൾ നാടിന്റെ സമാധാനവും മതേതരത്വവും തകർക്കുന്നതിനുവേണ്ടി ബോധപൂർവ്വം വർഗ്ഗീയ വിദ്വേഷം പരത്തുന്ന രീതിയിൽ ശത്രുക്കളോട് പുലബന്ധം പോലുമില്ലാതെ അടിസ്ഥാനരഹിതമായ വാർത്തകൾ നിരന്തരം പ്രചരിപ്പിക്കുന്നൊരു സാഹചര്യം നിലവിലുണ്ടെന്ന് സർക്കാരിന്റെ

ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. രാജ്യത്ത് നിലവിൽ യുട്യൂബ് വാർത്താ ചാനലുകളെ നിയന്ത്രിക്കുന്നതിന് നിയമങ്ങളില്ല. ഒരു വാർത്താധിഷ്ഠിത യുട്യൂബ് ചാനൽ ആരംഭിക്കാൻ പ്രത്യേകം ലൈസൻസിന്റെ ആവശ്യമില്ല. ഈ പഴുത് ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ചില വ്യക്തികൾ അവരുടെ യുട്യൂബ് ചാനലുകൾ വഴി നാടിന്റെ സമാധാന അന്തരീക്ഷവും സാമുദായിക സാഹോദര്യവും തകർക്കുകയെന്ന ദുരുദ്ദേശ്യത്തോടുകൂടി വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നുണ്ട്. വിവിധ മതങ്ങൾക്കെതിരെയും മതപുരോഹിതർക്കെതിരെയും മതഗ്രന്ഥങ്ങൾക്കെതിരെയും അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് കാരണം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വർഗ്ഗീയമായ ചേരിതിരിവുണ്ടായിട്ടുണ്ട്. രാജ്യത്ത് നടക്കുന്ന പല വർഗ്ഗീയ കലാപങ്ങളുടെയും മുഖ്യകാരണങ്ങളിലൊന്ന് യുട്യൂബ് ചാനലുകൾ വഴിയുള്ള വ്യാജപ്രചരണങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള യുട്യൂബ് ചാനലുകൾക്ക് പലതിനും ദശലക്ഷത്തിലധികം വരിക്കാരുണ്ടെന്നും നിമിഷനേരംകൊണ്ട് വ്യാജവാർത്തകൾ സമൂഹത്തിലാകെ

പടർന്നുപിടിക്കുന്നുവെന്ന് പല സംഭവങ്ങളും തെളിയിക്കുന്നുണ്ട്. നിരവധി സാധാരണക്കാരായ ജനങ്ങൾ പിന്തുടരുന്ന ഇത്തരം ചാനലുകൾ വർഗ്ഗീയ കലാപങ്ങൾക്ക് ആഹ്വാനം നടത്തുന്ന രീതിയിൽ വ്യാപകമായ വാർത്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി സംസ്ഥാനത്ത് രാഷ്ട്രീയ ലക്ഷ്യത്തോടെ ഒരു ഗൂഢസംഘം പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടതാണ്. ഗോധ്രയിലെ തീവണ്ടി കത്തിക്കൽ സംഭവത്തിന് പിന്നാലെ ഗുജറാത്ത് കലാപമുണ്ടാകുന്ന ദിവസം ഗുജറാത്തിലെ പ്രധാന ദിനപത്രമായ 'സന്ദേശ്'-ന്റെ ഒന്നാം പേജിലെ തലക്കെട്ട് 'खून के बदले खून' അഥവാ 'ചോരയ്ക്കുപകരം ചോര' എന്നായിരുന്നു. ഈ മാധ്യമ തലക്കെട്ടിലെ കൊലവിളി വെറുപ്പിന്റെ പിശാചായി ആയിരങ്ങളെ കൊന്നൊടുക്കിയത് കലാപമായി മാറിയതെങ്ങനെയെന്ന് Smt. Revati Laul എഴുതിയ 'The Anatomy Of Hate' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. നമ്മുടെ മുന്നിൽ നാം കണ്ടുകൊണ്ടിരിക്കുന്ന മണിപ്പൂർ കലാപത്തിന് തീകൊളുത്തിയതിൽ സാമൂഹ്യ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് ഹരിയാനയിൽ കലാപത്തിലേയ്ക്ക് നയിച്ചത് അവിടത്തെ ഗോരക്ഷക ക്രിമിനലും നിരവധി കൊലകേസ്സുകളിലെ പ്രതിയുമായ മനു മനേസർ

എന്നയാൾ സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത വീഡിയോകളാണെന്ന് നിരവധി ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ കൊച്ചുകേരളത്തിലും വർഗ്ഗീയ വിഷം ചീറ്റുന്ന സാഹചര്യത്തിൽ മാന്യമായി ജീവിക്കുന്നവരുടെ ജീവിത രഹസ്യങ്ങൾ ചൂഴ്ന്നന്വേഷിച്ച് വ്യക്തിഹത്യ നടത്തി വീഡിയോകൾ നിർമ്മിക്കുന്ന നിരവധി യുട്യൂബർമാരുണ്ട്. ഇത്തരം യുട്യൂബർമാരുടെ വ്യക്തിഹത്യയിൽ മനംനൊന്ത് പ്രതികരിക്കാൻപോലും കഴിയാതെ നിസ്സഹായതയിൽ കഴിയുന്ന ആയിരക്കണക്കിനാളുകളുണ്ട്. ഒരു യുട്യൂബർ വ്യാജവാർത്ത വീഡിയോ ചെയ്തതിൽ മനംനൊന്ത് ജീവനൊടുക്കിയ യുവാവിനെയും അമ്മയെയും ഇന്ന് ഏറെ വേദനയോടെ കേരള ജനത ഓർക്കുന്നുണ്ട്. ഇവരെക്കുറിച്ച് വാർത്ത വന്നതിനുപിന്നാലെ സ്വന്തം അമ്മയെ ഫാനിൽ തൂങ്ങിമരിക്കാൻ സഹായിച്ചതിനുശേഷം പുറത്തുപോയി തീവണ്ടിക്ക് തലവയ്ക്കുകയായിരുന്നു ആ ചെറുപ്പക്കാരൻ ചെയ്തത്. സംസ്ഥാന പോലീസ് സേനയിലെ നിരവധി ഉദ്യോഗസ്ഥൻമാർക്കെതിരെ വ്യാജ വാർത്തകൾ നിർമ്മിച്ച്, ഈ വ്യാജപ്രചരണത്തിൽ മനംനൊന്ത് സംസ്ഥാനത്തെ ഒരു ഡിവൈ.എസ്.പി. ആത്മഹത്യ ചെയ്തതും നമുക്കറിവുള്ളതാണ്. അങ്ങനെ നൂറുക്കണക്കിന് ഹതഭാഗ്യരുടെ കണ്ണീരിനും

ചോരയ്ക്കും മുകളിൽ കെട്ടിപൊക്കിയ, മാന്യമായി ജീവിക്കുന്നവരെ ബ്ലാക്ക്മെയിൽ ചെയ്ത് സമൂഹത്തിൽ വിഷം കലക്കി വരുമാനം നേടുന്ന ഇത്തരം ചാനലുകൾ കേരളത്തിന്റെ ശാപമാണ്.

മി. ചെയർമാൻ: പ്ലീസ് .... കൺക്ലൂഡ്.....

ശ്രീ. പി. വി. അൻവർ: സർ, നാടിന്റെ സമാധാനവും മതേതരത്വവും തകർക്കുന്നതിനുവേണ്ടി ബോധപൂർവ്വം വർഗ്ഗീയ വിദ്വേഷം പരത്തുന്ന ഇത്തരം യുട്യൂബ് ചാനലുകളെയും ഈ നിലയിൽ വർഗ്ഗീയതയും വ്യക്തിഹത്യയും പരത്തുന്ന എല്ലാ യുട്യൂബർമാരെയും നിയമപരമായി നിയന്ത്രിക്കുന്നതിനുവേണ്ടി രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ മാതൃകാപരമായി നടപ്പിലാക്കിയതുപോലെ കേരള നിയമസഭയും ശക്തമായ നിയമനിർമ്മാണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു നിയമനിർമ്മാണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാൻ സാധിക്കുമോയെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ കാലിക പ്രാധാന്യമുള്ളതും ഗൗരവമായതുമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട

അംഗം ഉന്നയിച്ചത്. യുട്യൂബിലൂൾപ്പെടെ പ്രചരിപ്പിക്കുന്ന വിവരങ്ങൾ നിയമ വിരുദ്ധമായതോ രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, സുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദബന്ധം, ക്രമസമാധാനം, കോടതിയലക്ഷ്യം, മതസ്പർദ്ദ, അപകീർത്തിപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടതാണെങ്കിൽ The Information Technology (Guidelines for Intermediaries and Digital Media Ethics Code) Rules of 2021 പ്രകാരം അവ നിരോധിച്ചിട്ടുണ്ട്. ഇപ്രകാരം പ്രചരിപ്പിക്കപ്പെടുന്ന വിവരങ്ങൾ ബ്ലോക്ക് ചെയ്യുന്നതിനായി Information Technology (Procedure and Safeguards for Blocking for Access of Information by Public) Rules, 2009 പ്രകാരം കേന്ദ്ര സർക്കാർ ഡെസിഗ്നേറ്റഡ് ഓഫീസറെ ചുമതലപ്പെടുത്തിയട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അവ ബ്ലോക്ക് ചെയ്യുന്നതിനായി ഡെസിഗ്നേറ്റഡ് ഓഫീസർക്ക് ശിപാർശ നൽകുന്നതിന് സംസ്ഥാന ഐ.റ്റി. വകുപ്പ് സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും നോഡൽ ഓഫീസർക്ക് ഇത്തരത്തിൽ ശിപാർശ നൽകാവുന്നതാണ്. ഇതിനുപുറമെ ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ച സമഗ്രമായ ഒരു നിയമനിർമ്മാണത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(3)കാസർഗോഡ് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ ചികിത്സാ സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇതുസംബന്ധിച്ച് നേരത്തെയും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ ജീവനക്കാരുമില്ലാത്തതിന്റെയും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇന്ന് പ്രത്യേകിച്ച് ഏതാണ്ട് 331 ഒഴിവുകൾ ജില്ലാ ആശുപത്രിയിലും താലൂക്കാശുപത്രികളിലും നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. അതിൽ അമ്പതിലേറെ ഒഴിവുകൾ ഡോക്ടർമാരുടെതാണെന്നതാണ് ഏറ്റവും ഗൗരവമായ പ്രശ്നം. സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയാണുള്ളത്. ജില്ലാ ആശുപത്രിയും ഒരു താലൂക്കാശുപത്രിയും എന്റെ നിയോജകമണ്ഡലത്തിലാണ്. വെള്ളരിക്കുണ്ട് മലയോര താലൂക്കാശുപത്രിയിൽ 15 ഡോക്ടർമാർ ആവശ്യമാണെന്നിരിക്കെ ഇന്ന് 7 ഡോക്ടർമാർ മാത്രമാണുള്ളത്. താലൂക്കാശുപത്രിയാണെങ്കിലും

രാത്രികാലങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ ഇല്ലാതാകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. കാഷ്വാലിറ്റിയിൽ പകൽസമയത്ത് നൂറുകണക്കിന് രോഗികളാണ് എത്തിച്ചേരുന്നത്. പനി ബാധിച്ചവരും മറ്റുരോഗങ്ങൾ പിടിപ്പെട്ടവരുമെല്ലാം വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടെ അത്യാവശ്യമുള്ള സൗകര്യങ്ങൾപോലും നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നാണ് മനസ്സിലാക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും എന്റെ നിയോജകമണ്ഡലത്തിലാണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ആവശ്യമായ ഡോക്ടർമാരോ മറ്റുസംവിധാനങ്ങളോ ഇല്ലാത്തതിന്റെ പ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു. അതുപോലെ, വെള്ളരിക്കുണ്ടിലെ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടെങ്കിലും അത് ഇപ്പോഴും പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ അവിടെ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ആവശ്യമായ സ്ഥലം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും നടക്കാത്ത സ്ഥിതിയാണുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും പൊതുവായ സ്ഥിതിയും കാസർഗോഡ് ജില്ലയുടെ പരിമിതമായ ആരോഗ്യ രംഗത്തെ സൗകര്യങ്ങൾ മാത്രമുള്ള ജില്ല എന്ന നിലയിൽ അവിടത്തെ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുത്ത് അടിയന്തര പ്രാധാന്യത്തോടുകൂടി ഡോക്ടർമാരുടെ ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താനും അവിടെ എത്തുന്ന ഡോക്ടർമാർക്ക് കുറച്ചുകാലം പ്രവർത്തിക്കുന്നതിനുൾപ്പെടെയുള്ള സംവിധാനമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ ആരോഗ്യരംഗത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ട വിഭാഗത്തിലുൾപ്പെട്ട ജെ.പി.എച്ച്.എൻ. ഉൾപ്പെടെയുള്ളവരുടെ 92-ഓളം ഒഴിവ് നിലനിൽക്കുന്നുണ്ട്. ഈ കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് പ്രവർത്തനം നടത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് ചില ഉദാഹരണങ്ങൾ

ചൂണ്ടിക്കാണിക്കാം. ഈ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അവിടെ സർക്കാർ മേഖലയിൽ ന്യൂറോളജിസ്റ്റുകളുണ്ടായിരുന്നില്ല. സർക്കാർ മേഖലയിൽ ആദ്യമായി രണ്ട് ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുകയും പരിശോധനാ സൗകര്യങ്ങളൊരുക്കുകയും ചെയ്തു. കാത്ത് ലാബിന്റെ നിർമ്മാണം നടത്തുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. അതോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കോവിഡ് കാലത്ത് ടാറ്റ നിർമ്മിച്ച താൽക്കാലികാശുപത്രിയിൽ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിന് പ്രഖ്യാപിക്കുകയും കഴിഞ്ഞ ദിവസം അതിന്റെ ഭൂമി ആരോഗ്യ വകുപ്പിന് നൽകിക്കൊണ്ടുള്ള തീരുമാനമെടുക്കുകയും ചെയ്തു. അതിന് 23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മെഡിക്കൽ കോളേജിലെ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം കോവിഡ് കാലം മുതൽ തടസ്സപ്പെട്ടിരുന്ന സാഹചര്യമുണ്ടായിരുന്നു. ധനകാര്യ വകുപ്പ് ഇടപെട്ടുകൊണ്ട് തുക

അനുവദിച്ച് ഇപ്പോൾ അതിന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് 146 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് പുതിയൊരു നഴ്സിംഗ് കോളേജ് അനുവദിച്ച് ഈ വർഷം പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ 2177 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. അവിടെ നിലവിൽ 1846 പേരാണ് ജോലി ചെയ്തുവരുന്നത്. കാസർഗോഡ് ഉൾപ്പെടെയുള്ള ചില ജില്ലകളിൽ നമ്മൾ നേരിടുന്നൊരു പ്രശ്നം പോസ്റ്റ് ചെയ്യുന്നയാളുകൾ അവിടെ ചെന്ന് ജോലി ചെയ്യാതെ ലീവെടുത്ത് പോകുന്ന സാഹചര്യമുണ്ട്. ഇതിനെ മറികടക്കുന്നതിനായി സർവ്വീസിലുള്ളവർ ഒരു നിശ്ചിത കാലയളവിൽ അവിടെ ജോലി ചെയ്യണമെന്ന് നിഷ്കർഷിക്കാം. ചിലയാളുകൾ മാത്രം പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിൽ ജോലി ചെയ്യുന്നതിനുപകരം എല്ലാവർക്കും ആ രീതിയിൽ ജോലി ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു തീരുമാനമാണ് ഇപ്പോൾ വകുപ്പ് എടുത്തിട്ടുള്ളത്. അത് ഉടനെ നടപ്പിലാക്കുകയും ചെയ്യും. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുമാത്രമല്ല, സ്ഥാനക്കയറ്റംമൂലം

നികത്തേണ്ട തസ്തികകളിലെ ഒഴിവുകൾ നികത്താനുള്ള സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനെ മറികടക്കുന്നതിന് മറ്റൊരു കാര്യവും ആരോഗ്യ വകുപ്പ് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആരോഗ്യ കേരളം പദ്ധതി മുഖേന 457 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അവിടെ ഇ.ഇ.ജി. മെഷീൻ സ്ഥാപിച്ചപ്പോൾ അതിന് ടെക്നീഷ്യനെ കിട്ടുന്നുണ്ടായിരുന്നില്ല. മറ്റുജില്ലകളിൽനിന്നും വ്യത്യസ്തമായ പ്രത്യേക പാക്കേജ് അനുവദിച്ചുകൊണ്ട് അവിടെ ഇ.ഇ.ജി. ടെക്നീഷ്യനെ നിയമിക്കുന്ന സാഹചര്യമുണ്ടായി. 457 ജീവനക്കാരെ വിവിധ വിഭാഗങ്ങളിലായി നിയോഗിച്ചിട്ടുണ്ട്. 25 അസിസ്റ്റന്റ് സർജൻമാർ, 6 സ്പെഷ്യാലിറ്റി ഡോക്ടർമാരുൾപ്പെടെ 31 ഡോക്ടർമാരാണ് 457 ജീവനക്കാരിൽ ഉൾപ്പെടുന്നത്. പ്രത്യേകിച്ച്, വർക്കിംഗ് അറേഞ്ച്മെന്റും അവിടെനിന്നുള്ള ഡെപ്യൂട്ടേഷനും പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. മനുഷ്യത്വപരമായ, കാൻസർ ബാധിതയായിട്ടുള്ള ഒരു ജീവനക്കാരനോ/ജീവനക്കാരിയോ അല്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അസുഖമുള്ള കേസുകൾ എന്നിങ്ങനെ വളരെ അനുകമ്പാർഹമായിട്ടുള്ള മാനദണ്ഡങ്ങളിലൊഴികെ ഒരു കാരണവശാലും വർക്കിംഗ് അറേഞ്ച്മെന്റ് ഡെപ്യൂട്ടേഷന് നൽകരുതെന്ന് നിർബന്ധമായി

പറഞ്ഞിട്ടുണ്ട്. അത് തുടർന്നുപോകുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അതോടൊപ്പം, കാസർഗോഡ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 12 തസ്തികകൾ ഈ സർക്കാരിന്റെ കാലയളവിൽ സൃഷ്ടിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. തസ്തികകളുമായി ബന്ധപ്പെട്ട് കേസ്സുകൾ നിലവിലുണ്ട്. പ്രൊമോഷനുമായി ബന്ധപ്പെട്ടും നിയമനവുമായി ബന്ധപ്പെട്ടും കേസ്സുകൾ നിലവിലുണ്ടെന്നത് സംസ്ഥാന വ്യാപകമായി നമ്മൾ നേരിടുന്ന ഒരു പ്രശ്നമാണ്. ആ കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അത് ഫീൽഡുതലത്തിലുള്ള ആക്ടിവിറ്റിയെ ബാധിക്കുന്ന രീതിയിലേയ്ക്ക് പോകുമെന്നത് ബഹുമാനപ്പെട്ട കോടതികളുടെ മുമ്പാകെ കൊണ്ടുവന്ന് അതിന് പരിഹാരം കാണേണ്ടതുണ്ട്. അഡ്ഹോക്ക് മുഖേന ആളുകളെ നിയമിക്കുന്നതിനുള്ള അനുപാതം ഡി.എച്ച്.എസ്.-ഉം ഡി.എം.ഇ.-യും അതത് വകുപ്പുകളിൽ കൊടുത്തിട്ടുണ്ട്.

(4) സചിവോത്തമപുരം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ്

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, കോട്ടയം ജില്ലയിൽ ഏറ്റവുമധികം പട്ടികജാതി സെറ്റിൽമെന്റ് കോളനികളുള്ള പഞ്ചായത്താണ് കുറിച്ചി. കുറിച്ചി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിച്ചിട്ടുള്ള ഐ.പി.-കളുടെ എണ്ണം 52 ആണ്. ഐ.പി. പ്രവർത്തിച്ചിരുന്ന കെട്ടിടം അൺഫിറ്റായതിനെത്തുടർന്ന് പൊളിച്ചുമാറ്റുകയും പുതിയ ഐ.പി. അവിടെ പ്രവർത്തിക്കുന്നുമില്ല. തുടർന്ന് കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചിട്ടുമില്ല. ആശുപത്രികളുടെ നവീകരണത്തിനായി എൻ.എച്ച്.എം. മുഖാന്തരം 2.42 കോടി രൂപ അനുവദിച്ചെങ്കിലും ആധുനിക രീതിയിലുള്ള ആശുപത്രിയുടെ ആവശ്യകതയനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അഞ്ചരക്കോടി രൂപ ലഭ്യമാക്കുന്നൊരു പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ നടപടി പുരോഗമിക്കുകയാണ്. ടി പഞ്ചായത്തിനെയും പ്രത്യേകിച്ച് പട്ടികജാതി സെറ്റിൽമെന്റ് കോളനിയിലെയും സമീപ പഞ്ചായത്തുകളായ നീലംപേരൂർ, പഞ്ചിക്കാട് പഞ്ചായത്തുകളിലെയും സാധാരണക്കാർക്ക് ചികിത്സയ്ക്കായി ആശ്രയിക്കുന്ന സി.എച്ച്.സി.-യിലെ ഐ.പി. പ്രവർത്തിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടാണുണ്ടാകുന്നത്. വളരെ സാധാരണക്കാരും സാമ്പത്തികമായി

പിന്നാക്കംനിൽക്കുന്ന ജനങ്ങൾ താമസിക്കുന്ന മേഖലയായതുകൊണ്ടുതന്നെ സ്വകാര്യ ആശുപത്രികളെ സമീപിക്കാൻ പലർക്കും സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ 52 ബെഡ്ഡുകളുള്ള ഐ.പി. വാർഡ് പ്രവർത്തനം നേരത്തെ വളരെ നന്നായി പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. ഇത് അടിയന്തരമായി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണം. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പണി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി പഞ്ചായത്തിലാണ് സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നത്. 1936-ൽ രാജഭരണകാലത്ത് സ്ഥാപിക്കപ്പെട്ട ആരോഗ്യകേന്ദ്രമാണിത്. ഇവിടെ 31 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. അതിൽ രണ്ട് അസിസ്റ്റൻ സർജൻസ് മാത്രമാണുള്ളത്. പിന്നെയുള്ളത്, ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ടും ഹെഡ് നേഴ്സും സ്റ്റാഫ് നേഴ്സുമൊക്കെയുൾപ്പെടെയുള്ളവരാണ്. എൻ.എച്ച്.എം. മുഖാന്തരം രണ്ടുഡോക്ടർമാരെയും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഒരു

ഫാർമസിസ്റ്റിനെയും എച്ച്.എം.സി. മുഖാന്തരം ഒരു ലാബ് ടെക്നീഷ്യനെയും നിയോഗിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് 4 ഡോക്ടേഴ്സിനെ രണ്ട് സ്ഥിരം തസ്തികകളിലും എൻ.എച്ച്.എം. മുഖേന രണ്ടുപേരെയും അവിടെ നിയമിച്ചിട്ടുണ്ട്. സചിവോത്തമപുരം സാമൂഹികാരോഗ്യകേന്ദ്രത്തിന് 15 കിലോമീറ്റർ ചുറ്റളവിലാണ് ചങ്ങനാശ്ശേരി ജനറലാശുപത്രിയും കോട്ടയം ജില്ലാശുപത്രിയുമുള്ളത്. ബഹുമാനപ്പെട്ട അംഗത്തിനറിയാം. അദ്ദേഹത്തിന്റെ മണ്ഡലംകൂടിയായ ചങ്ങനാശ്ശേരിയിൽ 80 കോടി രൂപ കിഫ്ബി ഫണ്ട് അനുവദിച്ചുകൊണ്ട് പുതിയ ബ്ലോക്ക് പണിയുകയാണ്. കോട്ടയം മെഡിക്കൽ കോളേജിലും കിഫ്ബിയുടെ 100 കോടിയിലധികം രൂപയുടെ ഫണ്ടുപയോഗിച്ച് പുതിയ ബ്ലോക്ക് പണിയുന്നുണ്ട്. കിടത്തിച്ചികിത്സ ആവശ്യമായിവരുന്ന രോഗികളെ ഈ ആശുപത്രിയിലേയ്ക്കാണ് റഫർ ചെയ്യുന്നത്. 350 പേർക്കുവരെയുള്ള ഒ.പി. യാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിലുള്ളത്. രാവിലെ 9 മണിമുതലാണ് ഒ.പി. യുടെ പ്രവർത്തനം ആരംഭിക്കുന്നത്. അത് 6.00 മണി വരെ ആകണമെന്നുള്ളതുതന്നെയാണുള്ളത്. അതുകൂടാതെ സി.എച്ച്.സി.-യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2 കോടി രൂപയുടെ

അംഗീകാരം ലഭിച്ചിരുന്നു. പിന്നീട് 35 ലക്ഷം രൂപ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടും 7 ലക്ഷം രൂപ ജനകീയാരോഗ്യകേന്ദ്രത്തിന്റെ സബ്സെന്ററിന്റെ ഫണ്ടുകൂടി ചേർത്തുകൊണ്ട് 2.42 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതുകൂടാതെ 15-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൂടെ അഞ്ചേമുക്കാൽ കോടി രൂപ അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങളും അവിടെ നടത്താവുന്നതാണ്. അതുകൂടാതെ ഈയൊരു ഘട്ടത്തിലാവശ്യമായിട്ടുള്ള പ്രവർത്തനം, അതായത് സർക്കാരിന്റെ ഉത്തരവുപ്രകാരം കോവിഡുപോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചത്. ഇപ്പോൾ അവിടെ 50 ശതമാനം നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്. രണ്ടുമാസത്തിനുള്ളിൽ ബാക്കി നിർമ്മാണങ്ങൾകൂടി പൂർത്തീകരിച്ച് മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നുള്ളതാണ് അറിയിച്ചിരിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നേരത്തെ നമ്മളെല്ലാം ഈ ക്രമം നോക്കിയാണ് പരിപാടി വയ്ക്കുന്നത്. ചിലപ്പോൾ മാറ്റേണ്ടിവരും. മാറ്റേണ്ടിവരികയാണെങ്കിൽ അത് നേരത്തെ അറിയിക്കണം. അല്ലെങ്കിൽ നമ്മുടെ പരിപാടികളെല്ലാം........അതിന് സാധാരണ ഒരു കീഴ്വക്കമുണ്ട്. ആ കീഴ്വഴക്കത്തിൽ ചിലപ്പോൾ പരിപാടികൾ മാറ്റിക്കൊടുക്കേണ്ടിവരും. അത് ബാക്കിയുള്ള അംഗങ്ങളോട് ചോദിക്കണം. ക്രമമനുസരിച്ച് പരിപാടികൾ ക്രമീകരിക്കുക. ഏകപക്ഷീയമായി ചെയ്യാൻ പാടില്ല.

മി. ചെയർമാൻ: ഇനി മുതൽ ക്രമമനുസരിച്ച് വിളിക്കും.

(5) നെൽ സംഭരണ വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ നെല്ലറയായ പാലക്കാടിനെ തരിശ്ശുഭൂമിയാക്കരുതെന്നുള്ള അഭ്യർത്ഥനയുമായാണ് എഴുന്നേറ്റ് നിൽക്കുന്നത്. 38151 കർഷകർക്ക് അഞ്ചുമാസമായി നെല്ല് സംഭരിച്ചതിന്റെ അഞ്ചുപൈസപോലും കിട്ടിയിട്ടില്ല. ഇപ്പോൾ 150 കോടി രൂപ കൊടുക്കാമെന്ന് പറയുന്നതുപോലും 50000 രൂപയിൽക്കൂടുതൽ പി.ആർ.എസ്. ഉള്ള ഒരാൾക്കുംകിട്ടുന്ന അവസ്ഥയിലല്ല എന്നുള്ളതാണ് മാധ്യമങ്ങളിൽനിന്ന് അറിയാൻ കഴിയുന്നത്. സംസ്ഥാനത്ത് ആകെ കൊടുക്കാനുള്ള 400 കോടി

രൂപയിൽ 288 കോടി രൂപയും പാലക്കാട്ടെ കർഷകർക്കാണ് കൊടുക്കാനുള്ളത്. കഴിഞ്ഞ ഒന്നാംവിളയുടെ പൈസപോലും കൊടുക്കാത്തതിന്റെപേരിൽ ഇപ്പോൾ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ് കർഷകർ. ചരിത്രത്തിലാദ്യമായിട്ടാണ് ഇത്തരമൊരു ഗതികേടിലേയ്ക്ക് കർഷകർപോകുന്നത്. കർഷകരോട് കടംപറയുന്നത് അവസാനിപ്പിക്കണം. സി.പി.(ഐ)എം.-ന്റെ കർഷകസംഘം പാലക്കാട് സപ്ലൈ ഓഫീസിലേയ്ക്ക് മാർച്ച് നടത്തുകയും ഉയർന്ന പലിശയ്ക്ക് ബാങ്ക് സപ്ലൈക്കോയുമായി ബന്ധപ്പെട്ടവർക്ക് എന്തുപകാരമാണ് ലഭിച്ചതെന്നാണ് അവർ ചോദിച്ചത്. സി.പി.ഐ.-ക്കാർ മാർച്ച് നടത്തിയിട്ട് പറഞ്ഞത്, ധനവകുപ്പ് ഇവർക്ക് കിട്ടാനുള്ള പണത്തെ അട്ടിമറിച്ച് തരംമാറ്റിയെന്നുള്ളതാണ്. എന്താണവസ്ഥ; കളപറിക്കാൻ പണിക്കാരെ വിടാൻ കർഷകർക്ക് കഴിയുന്നില്ല. അവരുടെ വായ്പകളും സ്വർണ്ണപ്പണയവും ഫണ്ടും പലിശയുമൊക്കെ അവർക്ക് മുടങ്ങിക്കിടക്കുകയാണ്. അതേസമയം കാർഷികവായ്പയുടെ പലിശയ്ക്ക് ഒരു കുറവും ഈ സമയത്തൊന്നും വരുത്തുന്നുമില്ല. ഇതിന് ബഡ്ജറ്റിൽ പണംവച്ച് എല്ലാവർഷവും ഇത് കൊടുക്കാനുള്ള എന്തെങ്കിലുമൊരു തീരുമാനമുണ്ടാക്കണ്ടേ; അവർ എന്തൊരു ഗതികേടിലാണ്. സ്കൂൾ തുറന്നാൽ കുട്ടികളുടെ വിദ്യാഭ്യാസ ചെലവിന് ഒരു പൈസപോലും കൊടുക്കാൻ കഴിയാതെ എവിടെന്നാണ് പണം കണ്ടെത്തുക; ചിങ്ങം 1-ന്

കരിദിനമായി കർഷകർ ആചരിക്കേണ്ട അവസ്ഥയിലാണുള്ളത്. അവരുള്ളതുകൊണ്ടല്ലേ നമുക്ക് അന്നം കിട്ടുന്നത്. ഇതങ്ങനെ അവരുടെ ഔദാര്യം ചോദിക്കുന്നതുപോലെ കാണാതെ അവർ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കിയ നെല്ലിൽ നമ്മൾ സംഭരിച്ചതിന്റെ പൈസയല്ലേ അവർ ചോദിക്കുന്നത്. അത് സമയബന്ധിതമായി കൊടുക്കാനൊരു ബഡ്ജറ്റ് വിഹിതം എല്ലാവർഷവുംവച്ച് അത് സമയത്തുതന്നെ കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള എന്ത് ഇടപെടലുകളാണ് ഉണ്ടാവേണ്ടത്; എല്ലാവർഷവും ഇതിങ്ങനെ കടമെടുത്തിട്ട് അവരുടെ സിബിൽ റേറ്റിംഗും കുറഞ്ഞ് അവർക്ക് ബാങ്കിലും പ്രശ്നം, വ്യക്തിപരമായും പ്രശ്നം,

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. ഷാഫി പറമ്പിൽ: സർ, എത്രയും പെട്ടെന്ന് ഒറ്റയടിക്കുതന്നെ ഇനി കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തുതീർക്കാനുള്ള നടപടി ദയവായി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, 2022-23 നെല്ല് സംഭരണ സീസണിലെ നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈ സീസണിൽ 31-07-2023 വരെ സപ്ലൈക്കോ 7.31 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഒരു

കിലോഗ്രാം നെല്ലിന്റെ വിലയായ 28.20 പൈസ, കൈകാര്യച്ചെലവിനത്തിലുള്ള 12 പൈസ എന്നിവയുൾപ്പെടെ 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. കർഷകരിൽനിന്നും താങ്ങുവില നൽകി നെല്ല് സംഭരിച്ച് സംസ്കരിച്ച് പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി. കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാനവിലയും സംസ്ഥാനസർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും ചേർത്ത് ഒരു കിലോഗ്രാം നെല്ലിന് 28.20 പൈസയാണ് നിലവിൽ സർക്കാർ നൽകിവരുന്നത്. ഇപ്രകാരം സംഭരിച്ച് നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തതിനുശേഷം മാത്രമേ കേന്ദ്രവിഹിതം ലഭിക്കാനുള്ള ക്ലെയിം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ക്ലെയിം സമർപ്പിച്ച് തുക അനുവദിക്കപ്പെടുമ്പോഴേയ്ക്കും നെല്ല് സംഭരിച്ച് ആറുമാസംവരെ കാലതാമസം വരാറുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ വിഹിതം ലഭിക്കുന്നതുവരെ കാത്തിരിക്കാതെ നെല്ല് സംഭരിച്ചാലുടൻ കർഷകർക്ക് വില നൽകുന്നതിനുവേണ്ടിയാണ് പി.ആർ.എസ്. വായ്പാസംവിധാനം സപ്ലൈകോ നടപ്പാക്കിയത്. മറ്റുസംസ്ഥാനങ്ങളെയപേക്ഷിച്ച് പി.ആർ.എസ്. വായ്പയുടെ പലിശനിരക്ക് കേരളത്തിൽ കൂടുതലായതിനാലും പ്രസ്തുത വായ്പയിലൂടെ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിനുള്ള കാലതാമസവും കർഷകരുടെ സിബിൽ സ്കോറിനെ ദോഷകരമായി ബാധിക്കുമെന്നതും പരിഗണിച്ചാണ്

എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുൾപ്പെടുന്ന കൺസോർഷ്യം ബാങ്കുകളിൽനിന്നും 2500 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ എടുക്കുവാൻ സർക്കാർ തയ്യാറായത്. നിലവിൽ നെല്ലിന്റെ വിലയായി കർഷകർക്ക് നൽകുവാനുള്ള താങ്ങുവില കൈകാര്യച്ചെലവ് എന്നിവയിനത്തിൽ ഏകദേശം 433 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. ഇതിനായി 31-07-2023-ൽ സർക്കാർ ഉത്തരവ് നമ്പർ 327/2023 പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സർക്കാർ ഉത്തരവ് 331 പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽനിന്നും നേരിട്ട് നൽകിവരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച 50000 രൂപയല്ല, ഒരു ലക്ഷം രൂപയ്ക്കുതാഴെയുള്ളവ കൊടുത്തുതീർക്കാൻവേണ്ടി 180 കോടി രൂപയിൽ 40000 ത്തിലധികം കർഷകർക്ക് കൊടുത്തുതീർക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ നെല്ല് സംഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഒരു സംവിധാനം ആവിഷ്കരിക്കുന്നതിന് കേരള ബാങ്കിന്റെ സഹകരണത്തോടെ ഒരു ക്രമീകരണം ഏർപ്പെടുത്തുവാനുള്ള കൂടിയാലോചനകൾ പുരോഗമിച്ചുവരികയാണ്.

(6) <u>ജലവിഭവ വകുപ്പിന്റെ വിവിധ പുനരുദ്ധാരണ പ്രോജക്ടുകൾ</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇഴഞ്ഞു നീങ്ങുവെന്ന് പറയുന്നതിനെക്കാൾ നിങ്ങുന്നില്ലായെന്നതാണ് ശരിയാകുന്നത്. 2017-ൽ അമൃത്-1 പദ്ധതിയിൽ ഭരണാനുമതി ലഭിക്കുകയും 2018-ൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 119.74 കോടി രൂപയുടെ കഴക്കൂട്ടം-മുട്ടത്തറ സിവറേജ് പ്രോജക്ടുണ്ടായിരുന്നു. മൂന്നുവർഷംകൊണ്ട് തീരേണ്ട പ്രോജക്റ്റ് ഇനിയും എവിടെയും എത്തിയിട്ടില്ല. അരശുമൂട്- കുഴിവിള റോഡിന്റെ പണി ഒരു വർഷംകൊണ്ട് പൂർത്തിയാക്കാതെ കഴിഞ്ഞ നാലുവർഷക്കാലമായി ആ റോഡിലെ ജനങ്ങൾ ബന്ദികളാണ്. പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ ലൈൻ സ്ഥാപിക്കേണ്ട ഒരു പ്രോജക്ടുണ്ടായിരുന്നു. അത് കിഫ്ബിയുടെ പ്രോജക്ടാണ്. 65 കോടി രൂപയുടെ അടങ്കൽ തുകയും 2019-ൽ ഭരണാനുമതിയും ലഭിച്ചു. ഇതിന്റെ പ്രവൃത്തികൾ 2020-ൽ ആരംഭിച്ചു. ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തിയാകണമായിരുന്നു. 15 കിലോമീറ്റർ ആണ് ആകെയുള്ള ദൂരം. പ്രവൃത്തികൾ പൂർത്തിയാക്കിയത് 6.5 കിലോമീറ്ററാണ്. ഇനി പ്രവൃത്തികൾ 8.5 കിലോമീറ്റർ പൂർത്തിയാക്കാനുണ്ട്. അരുവിക്കരയിൽ ആരംഭിച്ച വലിയ പ്ലാന്റിൽനിന്ന് വെള്ളം കൊണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ടാണ്. ഒരു പ്രദേശത്തെ ജനങ്ങൾക്ക് അതിന്റെ ഭാഗമായി കുടിവെള്ളം ലഭിക്കാത്തത് വലിയ

പ്രശ്നമാണ്. ജീവനക്കാരെല്ലാം വളരെ വിഷമം അനുഭവിക്കുകയാണ്. കണ്ണംമൂല-ആക്കുളം-ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിന് 20 ശതമാനം ടോക്കൺ പ്രൊവിഷനുണ്ടായിരുന്നതാണ്. ഒന്നാം ഘട്ടം 2018-19 ബഡ്ജറ്റിൽ 25 കോടി രൂപയും രണ്ടാം ഘട്ടം 2022-23 ബഡ്ജറ്റിൽ 12 കോടി രൂപയുമാണ്. ഒന്നാംഘട്ടത്തിന്റെ പ്രവൃത്തി 2021-ൽ ആരംഭിക്കുകയും എട്ട് മാസക്കാലംകൊണ്ട് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. പ്രവൃത്തികൾ ആരംഭിച്ച് രണ്ടുമൂന്നുവർഷമായിട്ടും 10 ശതമാനംപോലും പൂർത്തിയായിട്ടില്ല. അതുപോലെ, തിരുവനന്തപുരം നഗരത്തിലെ ആനയറയിലെ പൈപ്പ്ലൈൻ പ്രശ്നം ഏറ്റവും വലിയ വാർത്തയായിരുന്നു. ഒരു ചെറിയ ഏരിയയിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ആ പൈപ്പ്ലൈനിനെക്കുറിച്ച് എല്ലാ പത്രങ്ങളിലും കുറെ ദിവസം വാർത്തകൾ എഴുതിയിരുന്നതാണ്. ഏതാണ്ട് മൂന്നാം ലോകമഹായുദ്ധമെന്ന മട്ടിലാണ് ആ വിഷയത്തെ ഇവിടത്തെ പത്രങ്ങളെല്ലാം കണ്ടത്. ആ പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ, എന്റെ നിയോജകമണ്ഡലത്തിലെ നാലിലൊന്ന് ഭാഗത്തെ ജനങ്ങൾ യാത്രാദുരിതം അനുഭവിക്കുകയാണ്. റോഡുകൾ കുഴിച്ചിട്ടിരിക്കുന്നതിനാൽ ആളുകൾക്ക് വഴി നടക്കാൻ കഴിയുന്നില്ല. അവിടെ താമസിക്കാൻ കഴിയാത്തതിനാൽ ചിലർ വീടുകളെല്ലാം വിട്ട് മറ്റ് വീടുകളിൽ

വാടകയ്ക്ക് പോകുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ അടിയന്തരമായി ജലവിഭവ വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതിന്റെ കാരണം എന്താണെന്ന് ശരിക്കും മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള സത്വരമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആദ്യത്തെ കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിൽ സ്വീവറേജ് പമ്പ് ഹൗസുകളുടെ നിർമ്മാണവും ലൈനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാല് ബ്ലോക്കുകളായാണ് തിരിച്ചിട്ടുള്ളത്. അവ ഐ, ജെ, കെ, എൽ എന്നിവയാണ്. ഐ-ബ്ലോക്കിൽ ടെക്നോപാർക്ക് മുതൽ അരശുമൂട് വരെ മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്കിലെ പമ്പ് ഹൗസിന്റെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ജെ-ബ്ലോക്കിൽപ്പെട്ട അരശുമൂട്-സ്റ്റില്ലിംഗ് ചേമ്പർ മുതൽ കരിമണൽ പമ്പ് ഹൗസ് വരെയുള്ള ട്രാൻസ്മിഷൻ മെയിൻ പൈപ്പ് സ്ഥാപിക്കുന്നതിന് ഉത്തരേന്ത്യൻ

കമ്പനിയെയാണ് ചുമതല ഏൽപ്പിച്ചിരുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ കമ്പനിയുടെ അനാസ്ഥയുടെ ഭാഗമായി ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ആ കമ്പനിയെ റിസ്ക് ആന്റ് കോസ്റ്റിൽ നിന്നും ഒഴിവാക്കി. പക്ഷേ പലതവണ പുതിയ ക്വട്ടേഷനുകൾക്കുവേണ്ടി അപേക്ഷ ക്ഷണിച്ചെങ്കിലും ദർഘാസ് വലുതായതുകൊണ്ട് ആരും ഏറ്റെടുത്തില്ല. നിലവിൽ ചെറിയ പാക്കേജുകളായി തിരിച്ച് ദർഘാസുകൾ ക്ഷണിച്ച് കരാറുകൾ നൽകുകയും അതിന്റെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കെ-ബ്ലോക്ക് കുഴിവിള മുതൽ ആക്കുളം വരെയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എൽ-ബ്ലോക്കിൽ വരുന്ന പ്രവൃത്തികളും പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. ചിലയിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും പദ്ധതിക്കാവശ്യമായ സ്ഥലം യഥാസമയം ലഭ്യമാകാതെ വരുന്നതും പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമത്തെ പ്രശ്നം പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ളം മെയിൻ

പൈപ്പ്ലൈൻ സ്ഥാപിക്കലാണ്. അത് പ്രധാന ജലവാഹിനി കുഴലാണ്. തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന വിധത്തിലുള്ള ഒരു പ്രധാന ജലവാഹിനി കുഴലുകളിലൊന്നാണ് പേരൂർക്കട മുതൽ മൺവിള വരെ സ്ഥാപിച്ചിട്ടുള്ള പി.എസ്.സി. ജലവാഹിനി കുഴൽ. കാലപ്പഴക്കംമൂലം ജലവാഹിനിക്കുഴലുകൾക്ക് നാശം സംഭവിക്കുകയും അടിക്കടി ചോർച്ചയുണ്ടാകുകയും ചെയ്യുന്നുണ്ട്. ഇതുപോലെ നഗരത്തിനും സമീപപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് പലപ്പോഴും തടസ്സമുണ്ടാകുന്നു എന്നുമാത്രമല്ല ഈ കുഴലുകളിലെ ചോർച്ച കാരണം റോഡുകൾക്കും നാശനഷ്ടം സംഭവിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ഈ ഘട്ടത്തിലാണ് അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ പുതിയതായി നിർമ്മിച്ച 75 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽനിന്നും ശുദ്ധജലം തിരുവനന്തപുരം നഗരത്തിലെത്തിച്ച് തിരുവനന്തപുരം ശുദ്ധജല വിതരണം ശാക്തീകരിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ 37 ശതമാനം പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചെങ്കിലും റേറ്റ് റിവിഷൻ,

കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കരാർ കമ്പനി മുന്നോട്ടുവരികയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു വ്യവഹാരം നടത്തി പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിരിക്കുകയാണ്. കണ്ണമ്മൂല, ആക്കുളം, ആമയിഴഞ്ചാൻ തോട് പുനരുദ്ധാരണ പദ്ധതിക്ക് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി 24.99 കോടി രൂപയുടെ എ.എസ്-ഉം 24.86 കോടി രൂപയുടെ ടി.എസ്.-ഉം ഇതിനോടകം നൽകുകയും ഒരു കമ്പനി ഏറ്റെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം 10 ശതമാനമെന്നാണ് രേഖപ്പെടുത്തിയത്. 30 ശതമാനമെന്നാണ് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കണക്ക്. കണ്ണമ്മൂല മുതൽ എടത്തറവരെ തോടിന്റെ ഇടത്തേ ബണ്ടിലൂടെ സ്വീവറേജ് ലൈൻ സ്ഥാപിക്കുന്നതിനാണ് വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഒന്നര കി.മീ. നെല്ലിക്കുഴി ഭാഗത്തിന്റെ താഴെയായി ഇടതുകരയിൽ ബണ്ടില്ല. പ്രസ്തുത ഭാഗത്ത് സ്വീവറേജ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ലാൻഡ് അക്വിസിഷൻ നടപടി നടന്നിട്ടുണ്ടെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഈ ഭാഗം സ്വകാര്യ വ്യക്തികൾ കയ്യേറിയ സ്ഥിതിയാണുള്ളത്. കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിവാക്കണം. റവന്യൂ വകുപ്പും വാട്ടർ അതോറിറ്റിയും

അതിനായുള്ള ശ്രമങ്ങൾ നടത്തുകയാണ്. കൈമാറ്റം ഒഴിപ്പിച്ചാൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കും.

(7) ജൽജീവൻ മിഷൻ പദ്ധതിക്കായി കിൻഫ്രയുടെ സ്ഥലം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ടെണ്ടർ നടപടികളൊക്കെ പൂർത്തീകരിച്ചിട്ടുണ്ട്. കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിലാണ് ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കേണ്ടത്. അതിന് പൂർണ്ണമായ സമ്മതം വ്യവസായ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. താൽകാലികമായി പണി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സംബന്ധിച്ച ഉത്തരവ് കഴിഞ്ഞ ദിവസം നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് അതിന്റെ തുടർ പ്രവർത്തനമെന്ന നിലയ്ക്ക് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായി കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനത്തിന് വേണ്ടുന്ന ഫണ്ട് അനുവദിച്ച് ലഭ്യമായിട്ടില്ല. മുനിസിപ്പിലിറ്റിയിലുൾപ്പെടെയുള്ള ആളുകൾ സ്ഥലം വാങ്ങി ടാങ്ക്

നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം നൽകുന്ന പ്രവർത്തനം പൂർത്തീകരിക്കാൻ പോകുകയാണ്. അത് പൂർത്തീകരിച്ചാൽ മാത്രമേ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലേയ്ക്കും വെള്ളമെത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അവിടേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന തരത്തിലുള്ള ഫണ്ട് അനുവദിക്കുന്നതിനും കിൻഫ്രയുടെ ഭാഗത്തുനിന്നും ഈ സ്ഥലത്ത് ടാങ്ക് നിർമ്മിക്കുന്നതിനുമാവശ്യമായ അനുമതിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുറ്റിപ്പുറം, തിരുനാവായ ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകളും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയും ഉൾപ്പെടെയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 40 MLD ടാങ്ക് പണിയുന്നതിനുവേണ്ടി 22,107 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും 14300 കുടിവെള്ള കണക്ഷൻ ലഭ്യമാക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി കുറ്റിപ്പുറം കിൻഫ്രാ പാർക്കിന്റെ കൈവശമുള്ള ഭൂമിയാണ് ആവശ്യമായി വരുന്നത്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, മലപ്പുറം ജില്ലാ കളക്ടറുടെ 10-07-2022-ലെ ഉത്തരവുപ്രകാരം ഈ ആവശ്യത്തിനായി കുറ്റിപ്പുറം കിൻഫ്രാ പാർക്കിൽ 50 സെന്റ് ഭൂമിക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ ഒരു ഉപയോഗാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 40 സെന്റ് ഭൂമി അനുവദിക്കാമെന്ന് കിൻഫ്ര അറിയിച്ചിട്ടുണ്ട്. പക്ഷെ ഒരു സെന്റിന് 1,24,210 രൂപ നിരക്കിൽ 40 സെന്റ് ഭൂമിക്ക് ആകെ തുകയായ 49,68,400 രൂപയോ അല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് ആനുപാതികമായിട്ടുള്ള ശുദ്ധജലമോ നൽകണമെന്നാണ് കിൻഫ്ര ആവശ്യപ്പെട്ടിട്ടുള്ളത്. ജൽജീവൻ പദ്ധതിക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പഞ്ചായത്തിനുകീഴിൽ പദ്ധതി നടപ്പാക്കുന്നതിനാലും ഇതിൽ ഒരു തീരുമാനം ആവശ്യമായി വരികയാണ്. ജൽജീവൻ മിഷൻ പദ്ധതിക്കുവേണ്ടി 40 സെന്റ് ഭൂമി ഉപയോഗത്തിന് പഞ്ചായത്ത് എൻ.ഒ.സി. നൽകാനും കിൻഫ്ര പാർക്കിലെ ഇന്റേണൽ റോഡുകളുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും വ്യവസായ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുംവേണ്ട നടപടി ക്രമങ്ങൾ സ്വീകരിക്കണമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചതുപ്രകാരം

നിലവിൽ ഈ വിഷയം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണെന്നും താമസിയാതെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(8) തങ്കളം - കാക്കനാട് നാലുവരി പാത

ശ്രീ. ആന്റണി ജോൺ: സർ, എറണാകുളം ജില്ലയിലെ ഒരു പ്രധാന റോഡ് വികസന പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ നിയോജക മണ്ഡലമായ കോതമംഗലത്തുനിന്നും തുടങ്ങി ജില്ലാ ആസ്ഥാനമായ കാക്കനാട് വരെയെത്തുന്ന 27 കിലോ മീറ്റർ ദൂരം വരുന്ന തങ്കളം-കാക്കനാട് നാലുവരി പാതയ്ക്ക് 2006-2007 കാലഘട്ടത്തിൽ ഒന്നാം വി.എസ്. ഗവൺമെന്റിന്റെ കാലത്താണ് അംഗീകാരം ലഭിച്ചത്. അതിന്റെ തുടർച്ചയിൽ 2009-2010 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിലെ 800 മീറ്ററോളം വരുന്ന പ്രദേശത്ത് ആ നാലുവരിപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ 2019-ലാണ് കോതമംഗലം പട്ടണത്തോട് ചേർന്നുവരുന്ന പ്രദേശത്ത് അത്രത്തോളംതന്നെ ദൂരത്തിൽ റോഡിന്റെ നിർമ്മാണം കേസുകളുമൊക്കെയായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടായിരുന്നതെല്ലാം പരിഹരിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ

സാധിച്ചിരുന്നു. അതിനോടനുബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യ രണ്ട് ബഡ്ജറ്റുകൾ കിഫ്ബിയിലുൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതിക്കുവേണ്ടി ഫണ്ട് അനുവദിച്ചിരുന്നു. ഈയൊരു പദ്ധതി, ജില്ലയുടെ കിഴക്കൻ മേഖലയെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന പദ്ധതിയെന്ന പോലെ അതിവേഗം ടൂറിസം, ഐ. ടി. മേഖലകളിൽ വലിയ വികസന സാധ്യത നൽകുന്ന ഒരു പദ്ധതിയാണ്. ഒരു വലിയ ജനസമൂഹം ഒട്ടേറെ വർഷങ്ങളായി വലിയ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ഒരു പദ്ധതിയാണ് തങ്കളം-കാക്കനാട് നാലുവരിപ്പാത. 2016-ലും 2017-ലും ഫണ്ടനുവദിച്ച് കാര്യങ്ങൾ മുന്നോട്ടുപോയെങ്കിലും ഇപ്പോൾ വന്നിട്ടുള്ള ഒരു പ്രതിസന്ധി 2006-ൽ പദ്ധതിക്ക് അനുമതി ലഭിച്ചു. 2009-ൽ ചീഫ് എൻജിനീയർ അംഗീകരിച്ച പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം ഇപ്പോൾ ഒന്നര കിലോമീറ്റർ ദൂരം കോതമംഗലം മണ്ഡലത്തിൽ റോഡും അതിന്റെ തുടർച്ചയിൽ പെരിയാർവാലി കനാലിന് കുറുകെ ചില പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ കോതമംഗലം മണ്ഡലത്തിലെ ഇരവന്നൂർ വില്ലേജിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ അവസാനഘട്ടത്തിലാണ്. ആ നിലയിൽ എത്തി നിൽക്കുമ്പോഴാണ് നേരത്തെ നിശ്ചയിച്ചിരുന്ന അലൈൻമെന്റ് ഇപ്പോൾ അത് ഫീസിബിളല്ല

എന്ന നിലയിലേയ്ക്ക് ഒരു വാദം വരികയും ആ പദ്ധതി പ്രതിസന്ധിയിൽ നിൽക്കുകയും ചെയ്യുന്നത്. ഒട്ടേറെ വർഷങ്ങളായി ജനങ്ങൾ കാത്തുനിൽക്കുന്ന ഈ പദ്ധതി കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി നിലവിലെ അലൈൻമെന്റിൽ പ്രകടമായ മാറ്റം വരുത്താതെ നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ള ഒരു ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇടുക്കി-എറണാകുളം ജില്ലകളെ കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കാനുദ്ദേശിച്ച് മുമ്പ് പൊതുമരാമത്ത്-നിരത്ത് വിഭാഗം പ്രവൃത്തി നിർവ്വഹിച്ചുകൊണ്ടിരുന്ന കാക്കനാട്-തങ്കളം പാത 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം 30 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരളാ റോഡ് ഫണ്ട് ബോർഡ് ആരംഭിക്കുകയും 2020 ജൂലൈ 14-ന് കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഡി.പി.ആർ. സമർപ്പിച്ചത് ഭരണാനുമതി ലഭിച്ച് മൂന്ന് വർഷത്തിന്

ശേഷമായതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി സമർപ്പിക്കാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയുണ്ടായി. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി ഏഴ് കിലോ മീറ്റർ ദൂരത്തിന്റെ ഡി. പി. ആർ. 2021 ഫെബ്രുവരി 21-ന് KRFB കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. പദ്ധതി അവലോകനത്തിന്റെ ഭാഗമായി കിഫ്ബിയിലെ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും 27 കി. മീ. ദൂരത്തിൽ പൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് കിഫ്ബി KRFB-ക്ക് പ്രാഥമിക അവലോകന റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പി.പി.യു യൂണിറ്റ് ആരംഭിച്ചതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത്-നിരത്ത് വിഭാഗം നേരത്തെ അംഗീകരിച്ചിരുന്ന അലൈൻമെന്റിന്റെ പ്രായോഗികതകൾ പരിശോധിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ KRFB-യുടെ അഭ്യർത്ഥനപ്രകാരം 2023 മെയ് 12-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംഘം പദ്ധതിപ്രദേശം സന്ദർശിക്കുകയുണ്ടായി. ഇതിന്റെ പരിശോധനകളെല്ലാം നടത്തിയതിന്റെ ഭാഗമായി പ്രായോഗികമായ

അലൈൻമെന്റ് കണ്ടെത്തി നിർവ്വഹണ ഏജൻസി ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽബോഡി എക്സിക്യൂട്ടീവിന്റെ അംഗീകാരത്തിന് വിധേയമായി സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>അയണിവേലിക്കുളങ്ങരയിൽ IRE-യുടെ ഖനനം നിർത്തിവയ്ക്കൽ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ കോഴിക്കോട് എന്ന ജനനിബിഡവും പ്രകൃതിരമണീയവുമായ സ്ഥലത്ത് IRE പുതിയതായി ആരംഭിച്ച കരിമണൽ ഖനനം അടിയന്തരമായി നിർത്തിവച്ച് കഴിഞ്ഞ 100 ദിവസത്തോളമായി കുട്ടികളും സ്ത്രീകളുമടക്കം കുടുംബസമേതം കുടിൽകെട്ടി ജനകീയ സമരസമിതി നടത്തിവരുന്ന സമരം ചർച്ച ചെയ്ത് പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. നിരവധി ക്ഷേത്രങ്ങളും സെമിത്തേരികളും പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള പ്രദേശമാണ് ഇവിടം. ഈ സ്ഥലങ്ങൾ വിൽക്കുവാനോ ലോണെടുക്കുവാനോ സാധിക്കാത്ത വിധത്തിൽ 2011-ൽ ഗവർണ്ണറുടെ

പേരിൽ പാട്ടച്ചാർത്തായി രജിസ്റ്റർ ചെയ്തു. ഇതിനെതിരെ പ്രദേശവാസികൾ നടത്തിയ ശക്തമായ സമരങ്ങളുടെ ഫലമായി വസ്തു വിൽക്കുവാനും ലോൺ ലഭിക്കുവാനുമുള്ള അവകാശം 2011-ഡിസംബറിൽ അന്തരിച്ച മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇതൊരു ബാധ്യതയല്ലെന്ന് കാണിച്ച് ഇറക്കിയ വിജ്ഞാപന പ്രകാരം തിരികെ ലഭിക്കുകയുണ്ടായി. എങ്കിലും കഴിഞ്ഞ 12 വർഷമായി ഇവിടെയുള്ള പതിനായിരക്കണക്കിന് ജനങ്ങൾ കുടിയിറക്കപ്പെടുമോ എന്ന ആശങ്കയിൽ ജനിച്ച മണ്ണിനെ സംരക്ഷിക്കാനുള്ള സമരപോരാട്ടത്തിൽ തന്നെയായിരുന്നു. 2023 മെയ് മാസം IRE- BTR-ൽ നിലം എന്ന് രേഖപ്പെടുത്തിയ മൂന്നര ഏക്കർ ഭൂമി വാങ്ങി ഖനന നിയമങ്ങൾ ലംഘിച്ചുകൊണ്ട് 2022 ഡിസംബറിൽ ഖനന ടെണ്ടർ വിളിക്കുകയും 2023 മെയ് 5-ന് ഖനനം ആരംഭിക്കുകയും ചെയ്തു. അന്നുമുതൽ പ്രദേശവാസികൾ സമരത്തിലാണ്. ഈ സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ സർക്കാരിനെ സമീപിച്ചെങ്കിലും യാതൊരു പരിഹാരവും ഇതുവരെയും ഉണ്ടായിട്ടില്ല. ഗ്രാമീണറോഡുകൾ മണ്ണുമായി പോകുന്ന വാഹനങ്ങൾ കാരണം തകർന്നു. നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്നു. കൊച്ചുകുട്ടികൾ സ്കൂളിൽ പോകുന്ന

സമയത്തുപോലും വാഹനങ്ങൾ വേഗത്തിൽ പോകുന്നത് അപകടങ്ങളുണ്ടാക്കുന്നു. ഇലക്ട്രിസിറ്റി ലൈനുകൾ പലപ്പോഴും തകരുന്നു. നേരത്തെ ഖനനം നടന്നുവരുന്ന ആലപ്പാട് പഞ്ചായത്തിൽ 12 വർഷം മുമ്പ് IRE നടപ്പിലാക്കിയ സെന്റിന് 52000 രൂപയുടെ പാക്കേജാണ് ഇപ്പോൾ പുതിയതായി ആരംഭിച്ച സെന്റിന് 5 ലക്ഷത്തോളം രൂപ വിലയുള്ള കരുനാഗപ്പള്ളി നഗരസഭയുടെ ഭാഗമായ ഇവിടെയും പ്രഖ്യാപിച്ചിട്ടുള്ളത്. യാതൊരു ചർച്ചയും കൂടാതെ ജനങ്ങളെയും ജനപ്രതിനിധികളെയും വിശ്വാസത്തിലെടുക്കാതെയും IRE ആരംഭിച്ച ഖനനം അടിയന്തരമായി നിർത്തിവച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ജനകീയ സമരസമിതിയുമായി ചർച്ചനടത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞത് അയണിവേലിക്കുളങ്ങര വില്ലേജിൽ IRE നടത്തുന്ന ഖനനത്തെ സംബന്ധിച്ചാണ്. മുൻകാലങ്ങളിൽ ഈ സ്ഥലം വിലയ്ക്കെടുത്തിട്ടാണ് ഖനനം നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ ഇത് മൂന്ന് വർഷത്തെ പാട്ടത്തിനുമാത്രമായിട്ടാണ് IRE ഈ സ്ഥലമെടുത്തിട്ടുള്ളത്. അത്

ഭ്രൂവുടമകളും IRE-യും തമ്മിലുള്ള പരസ്പര സമ്മതത്തോടെ എടുത്തിട്ടുള്ളതാണ്. ഖനനം കഴിഞ്ഞശേഷം റീഫില്ലിംഗ് നടത്തി ധാതുസമ്പത്ത് എടുത്തശേഷം തിരിച്ച് അവർക്കുതന്നെ കൊടുക്കാവുന്നതാണ്. യഥാർത്ഥത്തിൽ നേരത്തെയുണ്ടായിരുന്നതിനേക്കാൾ നല്ല രീതിയിലുള്ളതാണിത്. നേരത്തെ ആളുകളെ അവിടെനിന്നും കുടിയിറക്കപ്പെട്ടും. പിന്നെയവിടെ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണ്. KMML-ഉം ഇനി പാട്ടത്തിന് എടുക്കാൻ പറ്റുമോ എന്നാണ് ഇപ്പോൾ നോക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്തിട്ട് ഈ പ്രശ്നങ്ങൾ ഉയർന്നുവന്നതിന്റെയടിസ്ഥാനത്തിൽ ജനുവരി 20-ന് അവിടെ ഒരു മീറ്റിംഗ് നടത്തുകയും അതിനുശേഷം ഖനനം നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. നിർബന്ധമായും സ്ഥലം ഏറ്റെടുക്കാൻ പോകുന്നുവെന്ന ആക്ഷേപം ഉയർന്നിരുന്നുവെങ്കിലും അത് യാഥാർത്ഥ്യമല്ല. വീണ്ടും തടസം വന്നതിനെത്തുടർന്ന് ഹൈക്കോടതിയിൽനിന്നും ഒരു സംരക്ഷണ ഉത്തരവ് വാങ്ങി പണി പുനരാരംഭിച്ചതിനുശേഷവും പ്രശ്നം വന്നപ്പോൾ എം.എൽ.എ.-യും മുനിസിപ്പൽ ചെയർമാൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ

ഒരു യോഗം വിളിച്ച് 30 ദിവസത്തേയ്ക്ക് ഖനനം നിർത്തിവച്ചശേഷം വീണ്ടും ആരംഭിച്ചു. ഇപ്പോൾ വീണ്ടും അവിടെ സമരം തുടരുന്നുണ്ട്. ബഹുമാന്യനായ ആലപ്പുഴ എം.പി. എ. എം. ആരിഫും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെ നടക്കുന്ന ഖനനം അനധികൃതമല്ല. മൈനിംഗ് ലീസിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട അതോറിറ്റികളിൽനിന്നും ഡി.ഐ.എ. ലൈസൻസ്, എ.ഇ.ആർ.ബി. ലൈസൻസ്, സി.ആർ.ഇസഡ്. അനുമതി, പാരിസ്ഥിതിക അനുമതി, അംഗീകൃത മൈനിംഗ് പ്ലാൻ എന്നിവയെല്ലാം നേടിക്കൊണ്ട് നിയമാനുസൃതമായിട്ടാണ് IRE അവിടെ ഖനനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാർ ഖനനാനുമതി നൽകിയ പ്രദേശത്ത് മാത്രമേ നിയമപ്രകാരം ഖനനം നടത്താൻ ഈ സ്ഥാപനത്തിന് കഴിയുകയുള്ളൂ. അനധികൃത ഖനനവും അനുവദിച്ചു നൽകാത്ത ഭൂമിയിൽനിന്നുള്ള ഖനനവും അനുവദനീയമല്ലാത്തതിനാൽ ഇക്കാര്യം എം.എൽ.എ. പറഞ്ഞതുപോലെ നിയമപ്രകാരം പരിശോധിച്ച് ഉറപ്പുവരുത്താം. കൂടാതെ ഇപ്പോൾ ഭൂവുടമകളുടെയും നാട്ടുകാരുടെയും പൂർണ്ണമായ പിന്തുണയും സഹകരണവും ഉറപ്പുവരുത്തുന്നത്

ആവശ്യമാണെങ്കിൽ വീണ്ടുമൊരു യോഗം വിളിച്ചുചേർക്കാവുന്നതാണ്. മൈനിംഗ് ലീസ് ഏരിയായിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം IRE ഖനനം നടത്തിയതിനാലും ഭൂവുടമകൾക്ക് പാട്ടനഷ്ടപരിഹാരം നൽകുകയും കരാർ പ്രകാരമുള്ള മറ്റുനടപടികൾ സ്വീകരിച്ചു വരുന്നതിനാലും ധാതു ഉപയോഗത്തിന്റെ തന്ത്രപരവും വ്യാവസായികവുമായ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ഖനനം നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട് യോജിക്കാൻ കഴിയുന്നതല്ല. എന്നാൽ എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ ആവശ്യമാണെങ്കിൽ ഒരു യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(10) തോപ്പിൽകടവ് പാലം പുനർ നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിൽ പീരുമേട് മണ്ഡലത്തിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ മൂഴിക്കൽ പ്രദേശത്ത് 2018-ലെ മഹാപ്രളയത്തിൽ തകർന്ന തോപ്പിൽകടവ് പാലം പുനർനിർമ്മിക്കാൻ തുക അനുവദിക്കാത്തത് വളരെ ഖേദകരമാണ്. മൂഴിക്കൽ ട്രൈബൽ സെറ്റിൽമെന്റിൽ നാനൂറോളം കുടുംബങ്ങൾ താമസിച്ചുവരുന്നതിൽ 243 മലയേറിയ കുടുംബങ്ങളും ഇരുപത്തഞ്ചോളം മലപ്പണ്ടാരങ്ങളും നൂറോളം

പട്ടികജാതി കുടുംബങ്ങളും താമസിച്ചുവരുന്നു. തോപ്പിൽകടവ് പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പത്രദൃശ്യ മാധ്യമങ്ങളിൽ അനവധി വാർത്തകളും വന്നിട്ടുള്ളതാണ്. 2021-ൽ ഈ പാലം പുനർനിർമ്മിക്കുവാൻ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. 7.5 കോടി രൂപയുടെ എസ്റ്റിമേറ്റ് റീ-ബിൽഡ് കേരള പ്രോജക്ട് എഞ്ചിനീയർ തയ്യാറാക്കി ഭരണാനുമതി ലഭിക്കുവാൻ റീ-ബിൽഡ് കേരളാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 22-03-2023-ൽ റിപ്പോർട്ട് നൽകിയിട്ടും യാതൊരു നടപടിയും ഇതുവരെയും സ്വീകരിച്ചതായി കാണുന്നില്ല. ഇടുക്കി, കോട്ടയം എന്നീ ജില്ലകളെ ബന്ധിപ്പിക്കുന്നതും ആദിവാസി മേഖലയിലേയ്ക്കുള്ള ഏകയാത്രാമാർഗ്ഗവുമായ ഈ പാലം പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ റീ-ബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെട്ട ഈ പാലം പുനർനിർമ്മിക്കുവാൻ ധനാനുമതി നൽകുവാൻ വേണ്ട നടപടി സ്വീകരിക്കാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 22-05-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം റീ ബിൽഡ്

കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ പാലങ്ങളുടെ പട്ടികയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മൂഴിക്കൽ തോപ്പിൽ കടവ് പാലവും ഉൾപ്പെട്ടിരുന്നു. പദ്ധതി സംബന്ധിച്ച് 7.65 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ., പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശിപാർശയോടെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്. ശിപാർശ നിലവിൽ ആർ.കെ.ഐ.-യുടെ പരിഗണനയിലാണ്. ആർ.കെ.ഐ.-യുടെ നിലവിലുള്ള ഫണ്ടുലഭ്യതയുടെ പശ്ചാത്തലത്തിൽ പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് മുന്നോടിയായി ആവശ്യമായ പരിശോധനകൾ നടത്തി ഏറ്റവും യോഗ്യമായവ തെരഞ്ഞെടുത്ത് ആർ.കെ.ഐ.-യുടെ വിവിധ സമിതികൾക്ക് മുമ്പാകെ സമർപ്പിച്ച് അനുമതിക്ക് വിധേയമായി ഭരണാനുമതി നൽകുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം മൂഴിക്കൽ തോപ്പിൽ കടവ് പാലം നിർമ്മാണ പദ്ധതി സംബന്ധിച്ച നിർദ്ദേശം ആവശ്യമായ പരിശോധനകൾ നടത്തി ബന്ധപ്പെട്ട സമിതികളുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത വകുപ്പിൽ സ്വീകരിച്ചുവരികയാണ്.

(11) ഹരിതകർമ്മസേനയുടെ സേവന വേതന പരിഷ്കരണം

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൃത്യമായ വേതനം നിശ്ചയിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിന് ദേശീയ ഹരിത ട്രിബ്യൂണലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനങ്ങൾ എന്നീ മൂന്നുവിഭാഗങ്ങൾ ശുചിത്വ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിന് ഒത്തുചേർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽനിന്നും അജൈവ പാഴ്വസ്തുക്കൾ തരംതിരിച്ച് പുനരുപയോഗവും പുനർചംക്രമണവും നടത്തുന്നതിനുവേണ്ടി ഹരിതകർമ്മ സേന പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഇത് ആരംഭിച്ചതെങ്കിലും

12-08-2020 മുതലാണ് ഇതിനൊരു വ്യക്തമായ മാർഗ്ഗരേഖ ഗവൺമെന്റ് പുറപ്പെടുവിച്ചത്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീയും പാഴ്‌വസ്തുക്കൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഇവരുടെ വരുമാന മാർഗ്ഗം. അജൈവമാലിന്യം ശേഖരിച്ച് എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ്. (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) എന്നിവ വഴി ക്ലീൻ കേരള കമ്പനിയാണ് ഏറ്റെടുക്കുന്നത്. ഇതിലൂടെ പുനരുപയോഗം, പരിസ്ഥിതി മലിനീകരണ നിയന്ത്രണം എന്നിവ ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിലൂടെ നടക്കുന്നുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലം ഒരു മലയോരമേഖല മണ്ഡലമായിട്ടുകൂടി 2022 ഡിസംബർ മാസത്തിൽ നാല് ആഴ്ചകളിലായി നടത്തിയ അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിൽ 285 ഹരിതകർമ്മ സേനാംഗങ്ങൾ 154.21 ടൺ അജൈവ മാലിന്യങ്ങളാണ് ശേഖരിച്ചത്. നഗരപ്രദേശങ്ങളുടെ കാര്യം പ്രത്യേകം പറയേണ്ടതില്ല. കഴിഞ്ഞ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് 422575 കിലോഗ്രാം അജൈവ മാലിന്യങ്ങളാണ് ഹരിതകർമ്മ സേന ശേഖരിച്ചതായി മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ഇവർക്ക് വളരെ

തുച്ഛമായ വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട കുടുംബത്തിലെ അംഗങ്ങളാണ് ഹരിതകർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ഇവരുടെ വിലപ്പെട്ട പ്രവർത്തനം കണക്കിലെടുത്ത് അങ്കണവാടി പ്രവർത്തകർ, വർക്കർമാർ, ഹെൽപ്പർമാർ, ആശാ വർക്കർമാർ എന്നിവർക്ക് സംസ്ഥാന ഗവൺമെന്റ് ഒരു നിശ്ചിത ഓണറേറിയം നൽകുന്ന ക്രമത്തിൽ 99 ശതമാനവും സ്ത്രീകൾ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയ്ക്ക് മാസവരുമാനം നിശ്ചിത ക്രമത്തിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കണം. 33126 ഹരിതകർമ്മ സേനാംഗങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. വനിതകളുടെ ശാക്തീകരണത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുമ്പോൾ ഇവരുടെ വേതനംകൂടി കൃത്യതയോടെ നിശ്ചയിച്ച് നൽകുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം കൈവരിക്കാൻ വേണ്ടി മാലിന്യത്തിനെതിരായുള്ള യുദ്ധത്തിലെ ശുചിത്വസേനയാണ്

ഹരിതകർമ്മ സേന. ഇവർ നടത്തുന്ന ശ്ലാഘനീയമായ പ്രവർത്തനങ്ങളെ നിയമസഭയിൽ സബ്മിഷനിലൂടെ വിശദീകരിച്ച ബഹുമാന്യനായ അംഗം ശ്രീ. ജി. സ്റ്റീഫനെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാലിന്യശേഖരണ-സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭമാണ് ഹരിതകർമ്മ സേന. ഓരോ ഹരിതകർമ്മ സേന യൂണിറ്റും സൂക്ഷ്മ സംരംഭം എന്ന നിലയിൽ കുടുംബശ്രീ സി.ഡി.എസ്.-കളിൽ രജിസ്റ്റർ ചെയ്താണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന യൂണിറ്റുകളുടെ ഒരു കൺസോർഷ്യം തദ്ദേശസ്വയംഭരണ തലത്തിൽ രൂപീകരിക്കുകയും ഹരിതകർമ്മ സേനയുടെ വരവുചെലവ് കണക്കുകൾ, ശമ്പളം മുതലായ ദൈനംദിന വിഷയങ്ങൾ ആ കൺസോർഷ്യം കൈകാര്യം ചെയ്യുകയുമാണ് ചെയ്യുന്നത്. സർക്കാർ ഉത്തരവ് പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യൂസർ ഫീസിൽ നിന്നാണ് ഹരിതകർമ്മ സേനാംഗങ്ങളുടെ ശമ്പളവും മറ്റ് ചെലവുകളുമെല്ലാം നിർവ്വഹിക്കുന്നത്. യൂസർ ഫീസിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകൾ താഴെപ്പറയുന്നവയാണ്.

വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള സേവന പ്രതിഫല തുക, വേർതിരിച്ച മാലിന്യം കൈമാറുന്നതിലൂടെ ലഭിക്കുന്ന തുക, മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന സേവന പ്രതിഫലതുക, പ്രത്യേകമായ പരിപാടികളുടെ ഭാഗമായി ശേഖരിക്കുന്ന സേവനപ്രതിഫല തുക, പൊതുസ്ഥാപനങ്ങൾ, പാർക്കുകൾ, നിരത്തുകൾ തുടങ്ങിയവ ശുചീകരിക്കുന്നതിലൂടെ ലഭിക്കുന്ന സേവന പ്രതിഫലതുക, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പരിപാലനത്തിനുള്ള സേവന പ്രതിഫലതുക, ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന യൂസർ ഫീസ്. ഇതിനുപുറമെ അധിക വരുമാനമുണ്ടാക്കാൻ സഹായിക്കുന്ന തരത്തിൽ തുണിസഞ്ചി നിർമ്മാണം, ഇനോക്കുലം നിർമ്മാണം, ഗ്രോബാഗ് നിർമ്മാണം തുടങ്ങിയ സംരംഭ പ്രവർത്തനങ്ങളിലും ഹരിതകർമ്മ സേനാംഗങ്ങൾ ഏർപ്പെടുന്നുണ്ട്. ഹരിതകർമ്മ സേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ വകയിരുത്തുന്ന പത്തുശതമാനം കൺസോർഷ്യത്തിന്റെ കോർപ്പസ് ഫണ്ടായി മാറ്റിയശേഷം ബാക്കിവരുന്ന തുക വീതിച്ച് അംഗങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഒരു അംഗത്തിന് ലഭിക്കുന്നതുക അതത് പ്രദേശങ്ങളിലുള്ള വരുമാന ലഭ്യത, അജൈവമാലിന്യങ്ങൾ ശേഖരിക്കേണ്ട

വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി ഉൾപ്പെടെയുള്ളവയ്ക്ക് കൈമാറുന്നതിന്റെ അളവ് എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് വ്യത്യസ്തമായിരിക്കും. കഴിഞ്ഞദിവസം പത്രത്തിൽ വന്ന വാർത്ത ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം 28,000 രൂപ മുതൽ 62,216 രൂപ വരെയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഇത് വ്യത്യസ്തമായിരിക്കുന്നതാണ്. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഒന്നാംഘട്ടം അവസാനിച്ചപ്പോൾ യൂസർ ഫീ കളക്ഷനിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇനിയും യൂസർ ഫീ കളക്ഷൻ വർദ്ധിക്കുമെന്നാണ് കാണുന്നത്. നൂറ് ശതമാനം യൂസർ ഫീ കളക്ഷനിലേയ്ക്ക് എത്തിക്കുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. നഗരങ്ങളിലും നഗരസ്വഭാവമുള്ള പഞ്ചായത്തുകളിലും 10,000 രൂപ മുതൽ 25,000 രൂപവരെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാന വർദ്ധനവ് ഈ ക്യാമ്പയിന്റെ ഒന്നാംഘട്ടം പിന്നിട്ടപ്പോൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുകളിൽ ഇത് 5,000 രൂപ മുതൽ 9,000 രൂപ വരെയാണ്. സമീപ ഭാവിയിൽ

ഇവരുടെ വരുമാനം വർദ്ധിക്കുമെന്നതന്നെയാണ് കണക്കാക്കുന്നത്. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ ആകെയുണ്ടാകുന്ന മുന്നേറ്റത്തിനും പുരോഗതിക്കുമനുസരിച്ച് ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനത്തിലും വർദ്ധനവുണ്ടാകുന്നതാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനം വളരെ കുറവായ ഇടങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേന കൺസോർഷ്യങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടും നൽകിവരുന്നുണ്ട്. ഓരോ ഹരിതകർമ്മ സേനാ യൂണിറ്റും സൂക്ഷ്മ സംരംഭമായി വിജയകരമായി നിലനിർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് എന്നതുകൊണ്ട് നിശ്ചിതമായ ഓണറേറിയം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(12) <u>ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും അവരുടെ രക്ഷകർത്താക്കളും വർത്തമാനകാലഘട്ടത്തിൽ നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ഒരുപിടി നീറുന്ന മനസ്സുമായി ജീവിക്കുന്ന രക്ഷിതാക്കൾ, തങ്ങളുടെ കാലശേഷം സ്വന്തം മക്കളെ ആര് പരിചരിക്കുമെന്ന ആശങ്ക അവരുടെ ജീവിതത്തിൽ

നിലനിൽക്കുകയാണ്. ഇവരുടെ പുനരധിവാസം ഏറ്റവും പ്രധാനപ്പെട്ട മുൻഗണനാ പട്ടികയിൽ വരേണ്ടതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ ഇതിനാവശ്യമായ തുക വകകൊള്ളിക്കുകയുണ്ടായി. 50 സെന്റ് സ്ഥലവും അതിന് ആവശ്യമായവയും ഒരു പഞ്ചായത്തിന് നേടിക്കൊടുത്തു. നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ ഡയറക്ടറേറ്റിൽനിന്നും അതിനാവശ്യമായ കാര്യങ്ങൾ നീങ്ങുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ പലതവണ ഇടപെട്ട് അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും ഇപ്പോഴും ആ നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കഴിയാത്ത അവസ്ഥയുണ്ടെന്നതും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭിന്നശേഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ കാലോചിതമായി പരിഷ്കരിക്കണമെന്നുള്ളതും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. അവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പിന് അഞ്ച് തരത്തിലെന്നുള്ള പ്രത്യേക ഘടനയാണ് നിലനിൽക്കുന്നത്. അത് ഒരൊറ്റ ഘടനയായി ഏകീകരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ പ്രത്യേകം

അഭ്യർത്ഥിക്കുകയാണ്. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് സർക്കാർ നൽകിവരാറുള്ള ആശ്വാസ കിരണം ധനസഹായം പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. റേഷൻ കാർഡിന്റെ മുൻഗണനാ വിഭാഗത്തിലെ സർക്കാർ മാനദണ്ഡങ്ങളിൽനിന്നും മാനസിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇൻഷ്വറൻസ് പുതുക്കിനൽകുന്നതിലുള്ള നടപടികളിൽ കാലതാമസമുണ്ടാകുന്നതിന്റെ ഫലമായി ഭിന്നശേഷിക്കാരായ കുട്ടികളുടെ ചികിത്സക്കുള്ള സഹായം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. നിരാലംബരായ ഈ പാവങ്ങൾക്കുവേണ്ടിയുള്ള 'നിരാമയ' എന്ന ഇൻഷ്വറൻസ് പദ്ധതി പുതുക്കി നൽകുന്നതിനാവശ്യമായ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, തീവ്ര ഭിന്നശേഷിക്കാരും സമഗ്ര പുനരധിവാസം ആവശ്യമുള്ളവരുമായ

വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കാനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭൂമി വിട്ടുനൽകാൻ വിവിധ ജനപ്രതിനിധികൾ സന്നദ്ധത അറിയിക്കുകയും പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ മന്ത്രിതലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന സ്ഥലത്ത് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമിയുടെ ലഭ്യതയ്ക്കനുസൃതമായി മൂന്ന് മോഡലിലുള്ള പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഗ്രാമങ്ങളിൽ ഉൾപ്പെടുത്തേണ്ട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് നിപ്മർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ) കേന്ദ്രീകരിച്ചുകൊണ്ട് 29-05-2023-ൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ച് ഒരു

ശില്പശാല നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള കരട് രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ലഭ്യതകൂടി കണക്കിലെടുത്ത് ഓരോ സ്ഥലത്തും അനുയോജ്യമായ രീതിയിലുള്ള പുനരധിവാസ ഗ്രാമങ്ങൾ നിർമ്മിക്കുന്നതിനാണ് സർക്കാർ ആലോചിച്ചുവരുന്നത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും ഒരു പുനരധിവാസ കേന്ദ്രമെങ്കിലും സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം.

ബഹുമാനപ്പെട്ട എം.എൽ.എ. ഉയർത്തിക്കൊണ്ടുവന്ന മറ്റ് കാര്യങ്ങൾ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടതാണ്. സർക്കാർ നൽകുന്ന ധനസഹായങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും അത് ഏറ്റവും അർഹിക്കുന്നവരുടെ കൈകളിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഓരോ പദ്ധതിക്കും അതിനനുസൃതമായ തരത്തിലുള്ള മാനദണ്ഡങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും ഇത്തരം മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഘടകമാണ്. ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സാമൂഹ്യക്ഷേമ പെൻഷനും കഴിയുന്നത്രയും യഥാസമയങ്ങളിൽത്തന്നെ വിതരണം ചെയ്യുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്.

നിലവിലുള്ള വാർഷിക വരുമാന പരിധി ഒഴിവാക്കുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഭിന്നശേഷി പെൻഷനുള്ള വരുമാന പരിധിയിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് നിലവിൽ നൽകിവരുന്ന സാമൂഹ്യ പെൻഷനുപുറമേ അർഹതയ്ക്ക് വിധേയമായി 600 രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേന അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സാമ്പത്തിക സഹായങ്ങളും നൽകിവരുന്നുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കേൾവി പരിമിതി, കാഴ്ചപരിമിതി, അസ്ഥി സംബന്ധമായ പരിമിതി, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ എന്നീ വിഭാഗങ്ങളിലുള്ള 40 ശതമാനമോ അതിൽക്കൂടുതലോ ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്ക് 4,000 രൂപയിൽ കുറയാതെയുള്ള തുക പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി പ്രകാരം

ലഭിക്കുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പും ബത്തകളും നൽകുന്നത് ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളുമാണ്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കുന്നതിനും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച എല്ലാ പദ്ധതികളും സമയബന്ധിതമായി കൃത്യമായി നടപ്പാക്കുന്നതിനാണ് സാമൂഹ്യനീതി വകുപ്പ് ശ്രമിക്കുന്നത്.

(13) <u>കൽപ്പറ്റയിലെ 5 കേരള NCC ബറ്റാലിയന്റെ പ്രവർത്തനം</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2021 മുതൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും റിക്വസ്റ്റ് ചെയ്യുന്നൊരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും ബെസ്റ്റ് എൻ.സി.സി. അവാർഡും റിപ്പബ്ലിക് ദിന

പരേഡ് ഉൾപ്പെടെയുള്ള ദേശീയതലത്തിലെയും സംസ്ഥാനതലത്തിലെയും നിരവധി അവാർഡുകളും വാങ്ങിയ ഒരു യൂണിറ്റാണ് വയനാട് 5 ബറ്റാലിയൻ എൻ.സി.സി.. വെള്ളപ്പൊക്കം, കോവിഡ്, വയനാട്ടിലെ എ.ബി.സി.ഡി. ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലെല്ലാംതന്നെ ഏറ്റവും സ്തുത്യർഹമായ സേവനം നടത്തിയൊരു യൂണിറ്റാണ് എൻ.സി.സി. 5 ബറ്റാലിയൻ. ജില്ലയിലെ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന അതിപ്രധാനമായൊരു തീരുമാനം 08-05-2023-ന് എൻ.സി.സി. ഡയറക്ടറേറ്റിൽനിന്നും നൽകിയിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശത്തിലെ രണ്ടാമത്തെ ഖണ്ഡിക വായിക്കാം, " In view of the above 5 K Battalion NCC will cease enrolment of fresh students in the current year 2023-24". ഈ നടപ്പ് വിദ്യാഭ്യാസ വർഷത്തിൽ പുതിയ വിദ്യാർത്ഥികളെ എൻറോൾ ചെയ്യിപ്പിക്കരുത്. "The institutions under 5 K Battalion NCC may be informed accordingly". ഈ ജില്ലയിലുള്ള 41 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അനുബന്ധമായ കാര്യങ്ങൾ നിങ്ങൾ കൺവേ ചെയ്യണം എന്നാണ് നിർദ്ദേശം. ഇതിന്റെ അടിസ്ഥാനപരമായ കാര്യമെന്താണെന്ന് ചോദിച്ചാൽ ജില്ലയിലിന്ന് 3526 വിദ്യാർത്ഥികൾ

എൻ.സി.സി. യൂണിറ്റിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്നൊരു എൻ.സി.സി. യൂണിറ്റ് എന്ന രീതിയിൽ അതിന് സെൻട്രൽ ഗവൺമെന്റിന്റെയും സ്റ്റേറ്റ് ഗവൺമെന്റിന്റെയും സ്റ്റേക്കുണ്ട്. അതിൽ സെൻട്രൽ ഗവൺമെന്റ് ചെയ്യേണ്ടതായ ഉദ്യോഗസ്ഥ വിന്യാസമുൾപ്പെടെ അവർ നടത്തിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, 22 സ്റ്റാഫിനെ നിയമിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. അതിൽ 11 സ്റ്റാഫുകളെ വിവിധ യൂണിറ്റുകളിൽനിന്നും ക്രമീകരിച്ചാണ് അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. മറ്റുള്ള യൂണിറ്റുകളിൽനിന്നും 11 ഉദ്യോഗസ്ഥരെ ഇങ്ങോട്ട് നിയമിച്ചപ്പോൾ അവിടെയുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നുവെന്ന് പറഞ്ഞ് വയനാട്ടിലെ 5 K ബറ്റാലിയൻ യൂണിറ്റിന്റെ പ്രവർത്തനം മുഴുവൻ ഇന്ന് സീസ് ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ഇത് ആയിരക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കും. മാത്രമല്ല, എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, എൽ.എൽ.ബി., പോളിടെക്നിക്, നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ഗ്രേസ് മാർക്കിനെയും അതുപോലെ രാജ്യരക്ഷ ഉൾപ്പെടെയുള്ള അനുബന്ധ മേഖലകളിലേയ്ക്ക് കടന്നുപോകേണ്ട

വിദ്യാർത്ഥികളെയും ബാധിക്കുന്ന അതിപ്രധാനമായൊരു വിഷയമാണിത്. രണ്ട് കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്ന്, 08-05-2023-ന് പുറപ്പെടുവിച്ച ഡയറക്ഷൻ പിൻവലിക്കണം. രണ്ട്, 22 സ്റ്റാഫുകളെ നൽകാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് വയനാട് ജില്ലയിലെ വിദ്യാർത്ഥികളോടുള്ള ഡിസ്ക്രിമിനേഷൻ അവസാനിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, രാജ്യത്തുതന്നെ ഏറ്റവും മികച്ച പരിശീലന സൗകര്യങ്ങളാണ് എൻ.സി.സി.-ക്കായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. ഉന്നത രീതിയിലുള്ള അടിസ്ഥാന സൗകര്യവികസനവും വിദഗ്ദ്ധ പരിശീലനത്തിന് ആവശ്യമായ എല്ലാ സാഹചര്യങ്ങളും സംസ്ഥാന സർക്കാർ പൂർണ്ണമായും ഒരുക്കികൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് എൻ.സി.സി. കേരള ആൻഡ് ലക്ഷദ്വീപ് ദേശീയതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിന് സുസജ്ജമാണ്. 7.36 കോടി രൂപ ചെലവിൽ വഴുതക്കാട് പുതിയ ആസ്ഥാന മന്ദിരം, പീരുമേട്ടിൽ 20.86 കോടി രൂപ ചെലവഴിച്ച് രാജ്യത്തുതന്നെ എൻ.സി.സി.-യുടെ എയർ സ്ട്രിപ്പ്, 12.81 കോടി

രൂപ ചെലവിൽ തിരുവനന്തപുരം ആക്കുളത്തും 4.8 കോടി രൂപ ചെലവിൽ കൊല്ലം തേവള്ളിയിലും 10.5 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് ഏലത്തൂരിലും നേവൽ പരിശീലന സൗകര്യങ്ങൾ, 6 കോടി രൂപ ചെലവഴിച്ച് കല്ലറയിലും 6 കോടി രൂപ ചെലവഴിച്ച് മണ്ണന്തലയിലും 19.17 കോടി രൂപ ചെലവഴിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിലും ദേശീയ നിലവാരത്തിലുള്ള വിപുലമായ പരിശീലന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാന സർക്കാർ എൻ.സി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി കഴിഞ്ഞ പത്ത് വർഷമായി വർദ്ധിപ്പിക്കാതിരുന്ന എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് അലവൻസ് നമ്മുടെ സംസ്ഥാനം പത്ത് രൂപയിൽനിന്ന് ഇരുപത് രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രെയിസ് മാർക്ക് അനുവദിച്ചുകൊണ്ടും ആർ.ഡി. പരേഡിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് രാജധാനി എക്സ്പ്രസ്സ് ട്രയിനിൽ യാത്ര ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തുകൊണ്ട് എൻ.സി.സി. പ്രവർത്തനങ്ങൾക്ക് പൂർണ്ണസഹകരണമാണ് സർക്കാർ നൽകി വരുന്നത്. വയനാട് ജില്ലയിൽ 2020 ജനുവരിയിൽ ആരംഭിച്ച 5 കേരളാ ബറ്റാലിയനിൽ 13 കോളേജുകളും 28 സ്കൂളുകളുമടക്കം 41 വിദ്യാഭ്യാസ

സ്ഥാപനങ്ങളിലായി 3473 കേഡറ്റുകൾ പരിശീലനം നടത്തിവരുന്നു. വയനാട് ജില്ലയിലെ ആദ്യത്തെ എൻ.സി.സി. ഓഫീസായ പ്രസ്തുത ബറ്റാലിയൻ കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ കേഡറ്റുകളുള്ള ബറ്റാലിയനിലൊന്നാണ്. മാനന്തവാടി തവിനാൽ ഗ്രാമപഞ്ചായത്തിൽപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻ.സി.സി. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് മുൻഗണന നൽകി വരുന്നത്. 5 കേരള ബറ്റാലിയനാവശ്യമായ ഓഫീസും ട്രയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിന് രണ്ട് ഏക്കർ സ്ഥലം അനുവദിക്കുകയും കെട്ടിട നിർമ്മാണത്തിനായി 3.12 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബറ്റാലിയൻ ഓഫീസ് ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ഓഫീസ് ജീവനക്കാരെ നിയോഗിക്കേണ്ടിവരും. 5 കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിന്റെ പ്രവർത്തനത്തിന് സ്ഥിരം തസ്തികകളൊന്നുംതന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ 27-11-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പുനർവിന്യാസം അതത് ഓഫീസുകളുടെ

പ്രവർത്തനത്തെ ബാധിച്ച സാഹചര്യത്തിൽ 5 കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.സി.സി. വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി തസ്തിക സൃഷ്ടിക്കുന്നതിന് അനുകൂലമല്ലാത്തതിനാൽ പുനർവിന്യാസം വഴി ആവശ്യമായ ഉദ്യോഗസ്ഥരെ വയനാട്ടിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പക്ഷേ 2023-24 ട്രെയിനിംഗ് വർഷം പുതിയ കുട്ടികളെ എൻ.സി.സി. ട്രെയിനിംഗിന് എൻറോൾ ചെയ്യിക്കരുതെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ, കോഴിക്കോട് ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 കേരള ബറ്റാലിയൻ നിലനിർത്തുന്നതിന് ആവശ്യം വേണ്ട തസ്തികകൾ മറ്റ് ഓഫീസുകളിൽനിന്ന് കണ്ടെത്തി ആയത് താൽക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഷിഫ്റ്റ് ചെയ്യപ്പെടുന്ന ജൂനിയർ സൂപ്രണ്ട് ഒഴികെ ബാക്കിയെല്ലാ തസ്തികകളിലും വയനാട് ജില്ല പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

അതോടൊപ്പം എൻ.സി.സി. വകുപ്പിൽത്തന്നെയുള്ള ടൈപ്പിസ്റ്റ്, ലാസ്കർ എന്നീ തസ്തികകളെ പുനർക്രമീകരിച്ച് 5 കേരള ബറ്റാലിയൻ എൻ.സി.സി.-യിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസലും അഡീഷണൽ ഡയറക്ടർ ജനറലിന് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊപ്പോസലുകൾ പരിശോധിച്ച് എൻ.സി.സി. 5 കേരള ബറ്റാലിയനിൽ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

(14) ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള: സർ, ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിൽ സംസ്ഥാനത്ത് സ്ഥാപിതമായ ആദ്യത്തെ കോളേജുകളിലൊന്നാണ് മലപ്പുറം കോളേജ് ഓഫ് അപ്ലൈഡ് സയൻസ്. ഉന്നത വിദ്യാഭ്യാസരംഗത്ത് ധാരാളം വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പുറത്തുനിൽക്കുന്ന സാഹചര്യമാണ് ഇപ്പോഴും മലപ്പുറം ജില്ലയിലുള്ളത്. എന്നാൽ ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ കോളേജ് ഇപ്പോൾ സ്വന്തമായി സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. മലപ്പുറം ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ താഴത്തെ നിലകളിലാണ് ഐ.എച്ച്.ആർ.ഡി.

കോളേജ് പ്രവർത്തിക്കുന്നത്. 1993-ൽ ആരംഭിച്ച കോളേജിൽ B.Sc ഇലക്ട്രോണിക്സ്, B.Sc കമ്പ്യൂട്ടർ സയൻസ് എന്നീ രണ്ട് ഡിഗ്രി കോഴ്സുകൾ മാത്രമാണുള്ളത്. കഴിഞ്ഞ വർഷം B.Sc ഇലക്ട്രോണിക്സ് കോഴ്സ് നിർത്തലാക്കി. രണ്ട് കോഴ്സുകൾക്കും 24 സീറ്റുകൾ വീതമായിരുന്നെങ്കിലും പ്രവേശനസമയത്ത് സർവ്വകലാശാല അനുവദിക്കുന്ന മാർജിനൽ വർദ്ധനവ് പ്രകാരം 36 വിദ്യാർത്ഥികൾക്ക് വരെ പ്രവേശനം ലഭിച്ചിരുന്നു. പക്ഷെ അടുത്തകാലത്തായി വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നുണ്ട്. ഈ വർഷം എട്ട് വിദ്യാർത്ഥികളാണ് B.Sc കമ്പ്യൂട്ടർ സയൻസിൽ പ്രവേശനം നേടിയത്. മുമ്പ് 600, 700 അപേക്ഷകളിൽനിന്നാണ് ഇവരെ തെരഞ്ഞെടുത്തിരുന്നത്. B.Sc കമ്പ്യൂട്ടർ സയൻസിൽ ഈ വർഷം പ്രവേശനം നടത്തേണ്ടയെന്ന് അധികൃതർ വാക്കാൽ നിർദ്ദേശം നൽകിയിരുന്നതായി അറിയുന്നു. മറ്റ് കോളേജുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുപോകാനാണ് വിദ്യാർത്ഥികളോട് പറയുന്നത്. മൂന്നാം വർഷത്തിൽ പഠിക്കുന്ന 20 വിദ്യാർത്ഥികൾ നിലവിലുണ്ട്. അവർ 2024 മാർച്ച് മാസത്തിൽ കോഴ്സ് പൂർത്തിയാക്കി പോകും. രണ്ടാം വർഷ വിദ്യാർത്ഥികളായ എട്ട് പേർ 2025 മാർച്ചിൽ കോഴ്സ് പൂർത്തിയാക്കിപ്പോകുന്നതോടുകൂടി ഈ കലാലയം ചരിത്രത്തിന്റെ

ഭാഗമാകാൻ പോകുകയാണ്. മലപ്പുറം ഗവൺമെന്റ് കോളേജിലെ ബഹുനില കെട്ടിടത്തിന്റെ താഴത്തെ രണ്ട് നിലകളിലായി എട്ടോ പത്തോ മുറികളിലാണ് ഇപ്പോൾ കോളേജും ഓഫീസും ലാബുകളും ക്ലാസ് മുറികളും ലൈബ്രറിയും പ്രവർത്തിക്കുന്നത്. കോളേജ് ആരംഭിച്ചിട്ട് 30 വർഷമായിട്ടും സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. റവന്യൂ വകുപ്പിന്റെ കീഴിലുള്ള പന്തല്ലൂർ വില്ലേജിലേയും വ്യവസായ വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ഇൻകെൽ വ്യവസായ പാർക്കിലും അവസാനം ഗവൺമെന്റ് കോളേജ് ക്യാമ്പസിലും സ്ഥലം പരിശോധിച്ചതാണ്. എന്നാൽ ഓരോ സാങ്കേതിക കാരണങ്ങളാൽ ഇതുവരെയും സ്ഥലം ലഭ്യമായിട്ടില്ല. അവസാന നിമിഷം ഇൻകെലിൽ ഗവൺമെന്റ് വനിതാ കോളേജിന്റെ അടുത്ത് സ്ഥലം അനുവദിക്കാൻ നീക്കം നടത്തിയിരുന്നെങ്കിലും വ്യവസായ വികസനത്തിന് മാത്രമാണ് സ്ഥലം അനുവദിക്കുന്നതെന്നറിയിച്ച് 2020 ആഗസ്റ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഐ.എച്ച്.ആർ.ഡി. ഡയറക്ടറെ വിവരം അറിയിക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം വിളിച്ചുചേർത്തിരുന്നു. എന്നാൽ അതിനുശേഷവും കാര്യമായ ഒരു നടപടിയുമുണ്ടായില്ല. അതുകൊണ്ട് ഈ ഐ.എച്ച്.ആർ.ഡി. കോളേജ് നിലനിർത്തുന്നതിനുവേണ്ടി സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളുടെ കീഴിലുള്ള സ്ഥലം കണ്ടെത്തി വിട്ടുനൽകാനും കോളേജ് നിലനിർത്താനും നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 1993-ലാണ് മലപ്പുറത്തെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പ്രവർത്തനം ആരംഭിച്ചത്. കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന കോളേജിൽ B.Sc കമ്പ്യൂട്ടർ സയൻസ്, B.Sc ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് 24 സീറ്റുകൾ വീതമാണ് സർവ്വകലാശാല അനുവദിച്ചിട്ടുള്ളത്. മലപ്പുറം ഗവൺമെന്റ് കോളേജ് ക്യാമ്പസിൽ ഒഴിഞ്ഞുകിടക്കുന്ന ആറ് മുറികളിലായി ക്ലാസ് റൂമും ലാബും ഓഫീസും പ്രവർത്തിച്ചുവരുന്നു. ഈ കോളേജ് പ്രവർത്തിക്കുന്നതിന്

ആവശ്യമായ സ്ഥലസൗകര്യമോ കെട്ടിടങ്ങളോ ലഭ്യമാക്കുന്നതിന് എം.എൽ.എ.-യുടെ നേതൃത്വത്തിലാണ് ശ്രമം നടത്തേണ്ടത്. ആയതുകൊണ്ടുതന്നെ നാമമാത്രമായ വിദ്യാർത്ഥികളാണ് ഈ കെട്ടിടത്തിന്റെ അപര്യാപ്ത നിമിത്തം അവിടെ പ്രവേശനം നേടുന്നത്. 2022-23 അധ്യയന വർഷത്തിൽ B.Sc കമ്പ്യൂട്ടർ സയൻസ് കോഴ്സിന് എട്ട് വിദ്യാർത്ഥികൾ മാത്രമാണ് പ്രസ്തുത കോളേജിൽ പ്രവേശനം നേടിയത്. മുൻ വർഷത്തിൽ B.Sc ഇലക്ട്രോണിക്സ് കോഴ്സിന് ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്തതിനാൽ 2022-23 അധ്യയന വർഷം പ്രസ്തുത കോഴ്സിലേയ്ക്ക് പ്രവേശനം നടത്തിയില്ലായിരുന്നു. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ മലപ്പുറം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ 2023-24 അധ്യയന വർഷം പ്രവേശനം നിർത്തിവയ്ക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വം പ്രാദേശികമായി സ്ഥലങ്ങളെക്കുറിച്ച് വിശദാംശങ്ങൾ അറിയുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് തന്നെയാണുള്ളത്. മറ്റ്

നിയോജകമണ്ഡലങ്ങളിലൊക്കെ അപ്രകാരമാണ് ഐ.എച്ച്.ആർ.ഡി. കോളേജുകൾ സ്ഥാപിക്കപ്പെടുന്നത്.

(15) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തിക നഷ്ടപ്പെടുന്നത് സംബന്ധിച്ച്

ശ്രീ. എം. വിജിൻ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടുകളും അതോടൊപ്പം ബഡ്ജറ്റിലുള്ള വിവിധ ഫണ്ടുകളും ഉപയോഗിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് പത്ത് ലക്ഷത്തിലധികം കുട്ടികൾ കടന്നുവരുകയും ചെയ്തു. എന്നാൽ പല വിദ്യാലയങ്ങളിലും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ കെ.ഇ.ആർ. നിഷ്കർഷിക്കുന്ന ഉയരം ലഭ്യമല്ലെന്ന കാരണത്താൽ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ലഭിക്കാതിരിക്കുകയും അധിക ഡിവിഷൻ, തസ്തികകൾ എന്നിവ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. പൊതുമരാമത്ത്, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ ഉൾപ്പെടെ വിവിധ സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിൽത്തന്നെയാണ് അധിക വിദ്യാലയങ്ങളുടെയും കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്. എന്റെ

നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുഞ്ഞിമംഗലവും ജി.എം.യു.പി. സ്കൂൾ, മാടായി ഉൾപ്പെടെയുള്ളവയിലും ഫിറ്റ്നസിന്റെ പ്രശ്നം നിലനിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഉയരക്കുറവുള്ളതുകൊണ്ടുതന്നെ വിദ്യാഭ്യാസ ഓഫീസർമാർ ഈ കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാൻ സാധിക്കില്ലെന്ന ചട്ടപ്രകാരമുള്ള നിലപാട് കൈക്കൊണ്ടതിനാൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ഡിവിഷനുകളും ക്ലാസ്സുകളും തസ്തികകളും അനുവദിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത് അദ്ധ്യാപകരുടെ ഉൾപ്പെടെയുള്ള നിയമന പ്രശ്നങ്ങളിൽ ബുദ്ധിമുട്ടായി വരുന്നുണ്ട്. കഴിഞ്ഞ വർഷം 16-11-2022-ന് ഒരു വർഷത്തേയ്ക്ക് ഇളവ് അനുവദിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ വർഷവും ഇളവ് അനുവദിക്കാനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം IV ചട്ടം 6 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾക്ക് അളവ് നിശ്ചയിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേനയും അല്ലാതെയും സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിന് കെ.ഇ.ആർ. അദ്ധ്യായം IV ചട്ടം 5(2)-ൽ നിഷ്കർഷിച്ചിട്ടുള്ള വിധം വിദ്യാഭ്യാസ ഓഫീസർമാരുടെ മുൻകൂർ അനുമതി ആവശ്യമാണ്. ക്ലാസ് മുറികളിലെ വായുവിന്റെ സഞ്ചാരം, ചൂടിന്റെ ക്രമീകരണം എന്നിവ കണക്കിലെടുത്താണ് കെട്ടിടത്തിന്റെ ഉയരം നിശ്ചയിക്കുന്നത്. കെ.ഇ.ആർ. പ്രകാരം ക്ലാസ് മുറിക്ക് 3.7 മീറ്റർ ഉയരം വേണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല. 2019 നവംബർ 11 വരെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന് 2019 നവംബർ 11-ലെ സർക്കാർ ഉത്തരവുപ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർമാർക്ക് അധികാരം നൽകിയിരുന്നു. എന്നാൽ പല സ്ഥലങ്ങളിലും എഞ്ചിനീയർമാർ പ്ലാൻ തയ്യാറാക്കുമ്പോൾ കെ.ഇ.ആർ. ചട്ടപ്രകാരമുള്ള അളവുകൾ പരിഗണിക്കാതെയും പ്ലാനുകൾക്ക് അംഗീകാരം വാങ്ങാതെയും കെട്ടിടം പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിച്ച

കെട്ടിടങ്ങൾക്ക് മതിയായ അളവുകളില്ലെന്ന കാരണത്താൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ പ്രവർത്തനാനുമതി നിഷേധിക്കുന്ന സാഹചര്യമുണ്ടായതിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പ്രകാരം, 2019 നവംബർ 11-നുശേഷം നിർമ്മാണം പൂർത്തിയായതും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാത്തതും ഉയരം സംബന്ധിച്ച ചട്ടങ്ങളിൽ വലിയ വ്യതിയാനം സംഭവിക്കാത്തതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് 2022 നവംബർ 16-ലെ സർക്കാർ ഉത്തരവുപ്രകാരം 2022-23 അധ്യയന വർഷംകൂടി ഇളവ് അനുവദിച്ചുനൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2023-24 അധ്യയന വർഷത്തേയ്ക്ക് ഇതുവരെയും ഇളവ് അനുവദിച്ചിട്ടില്ല. 2022-23 വർഷത്തേയ്ക്ക് മാത്രമായി നൽകിയ താൽക്കാലിക അനുമതി എന്ന വ്യവസ്ഥ ഒഴിവാക്കി സ്ഥിരം ഇളവ് നൽകുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിൽ ഇളവ് നൽകുമ്പോൾ ആയതിൽ സ്റ്റാഫ് ഫിക്സേഷനും പരിഗണിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്.

(16) <u>വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, കഴിഞ്ഞ 50 ദിവസമായി അനിശ്ചിതകാല സമരരംഗത്തുള്ള ഒരു വലിയ വിഷയമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ ദേശീയ പാത വികസനം അതിവേഗം നടന്നുവരുന്ന സന്ദർഭമാണിത്. പയ്യന്നൂർ മണ്ഡലത്തിൽ കാസർഗോഡ് ജില്ലയുടെ അതിർത്തിയായ പാന്തർ മുതൽ പെരുമ്പ പാലം വരെയാണ് എൻ.എച്ച്. കടന്നുപോകുന്നത്. 750-ൽ അധികം കുട്ടികൾ പഠിക്കുന്ന സർക്കാർ എൽ.പി. സ്കൂൾ, 1500-ൽ അധികം കുട്ടികൾ പഠിക്കുന്ന ഹയർസെക്കന്ററി സ്കൂൾ, വെള്ളൂർ സർവ്വീസ് ബാങ്ക്, ജനതാ ചാരിറ്റബിൾ സൊസൈറ്റി ഉൾപ്പെടെയുള്ള നിരവധി സർക്കാർ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ ഉൾപ്പെടുന്ന സ്ഥലമാണ് വെള്ളൂർ. ഈ പ്രദേശത്ത് ദേശീയ പാത ഇരുവശങ്ങളിലേയ്ക്കും കടക്കുന്നതിനുള്ള അണ്ടർപാസ് നിർമ്മാണം നിലവിലെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടില്ല. നിരവധി തവണ ടി വിഷയങ്ങൾ എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷെ അണ്ടർപാസ് അനുവദിക്കുന്നതിനുവേണ്ടിയുള്ള യാതൊരുവിധ നടപടിയും എൻ.എച്ച്.എ.ഐ.-യുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. രാഷ്ട്രീയ സാമൂഹിക

സാംസ്കാരിക പ്രവർത്തകരെല്ലാം ചേർന്ന് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചശേഷമാണ് സമരം നടന്നുവരുന്നത്. ടി സമരം 50 ദിവസമാകുന്നതിന്റെ ഭാഗമായി നാളെ അവിടെ മനുഷ്യചങ്ങല തീർക്കുന്നതിനും ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ഡൽഹിയിലെ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ. വി. തോമസ് എന്നിവരോടെല്ലാം ഇക്കാര്യങ്ങൾ നിവേദനമായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്ന് പല നിലയിലുള്ള ഇടപെടലുകളുണ്ടായിട്ടുണ്ടെങ്കിലും അണ്ടർപാസ് അനുവദിക്കുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും നാളിതുവരെയും എൻ.എച്ച്.എ.ഐ. സ്വീകരിച്ചിട്ടില്ല. വെള്ളൂർ ബാങ്ക് പരിസരത്ത് അണ്ടർപാസ് അനുവദിക്കുന്നതിന് ആവശ്യമായ ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ വെള്ളൂർ ബാങ്ക് പരിസരത്തെ ജനങ്ങളുടെ ആവശ്യമാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ ഉന്നയിച്ചിട്ടുള്ളത്. നിരവധി തവണ

നേരിട്ടും അല്ലാതെയും ഇടപെട്ട പ്രശ്നമാണിത്. പയ്യന്നൂർ എം.എൽ.എ.-യും വിവിധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ അതോറിറ്റിയോട് ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത, ഹൈവേ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും ചെയ്തിരുന്നു. ഇതേത്തുടർന്ന് ദേശീയ പാത അതോറിറ്റി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ഇതുസംബന്ധിച്ച് പഠനം നടത്തിയിരുന്നു. അവിടെ അടിപ്പാത എന്ന നിർദ്ദേശത്തിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണ് ദേശീയപാതാ അതോറിറ്റി നിലവിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ, പ്രായോഗികമായ ബദൽ സാധ്യതകൾകൂടി പരിശോധിക്കാൻ ദേശീയ പാത അതോറിറ്റി റീജിയണൽ ഓഫീസറോട്, അംഗം ആവശ്യപ്പെട്ടതിന്റെ ഭാഗമായി പിന്നീടും അഭ്യർത്ഥിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു പ്രത്യേക യോഗംതന്നെ ചേർന്നിരുന്നു. റീജിയണൽ ഓഫീസറോ മറ്റ് ഉന്നത ഉദ്യോഗസ്ഥരോ ഒരിക്കൽകൂടി സ്ഥലം പരിശോധിച്ച് ആവശ്യമായ നടപടി

സ്വീകരിക്കണമെന്നും അറിയിച്ചിട്ടുണ്ട്. അത് അവർ നിർവ്വഹിക്കാമെന്ന് ഉറപ്പുനൽകിയകാര്യം സഭയെ അറിയിക്കുന്നു.

അതോടൊപ്പം കണ്ണൂർ ജില്ലയിൽ 201.9 ഹെക്ടർ ഭൂമിയാണ് ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളത്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ടി പദ്ധതിയുടെ 25 ശതമാനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയാണ്. അതായത്, കണ്ണൂർ ജില്ലയിലെ എൻ.എച്ച്. 66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി മാത്രം 576.96 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ച വിവരം, കണ്ണൂർ ജില്ലയിലെ എം.എൽ.എ.-മാരെ പ്രത്യേകമായി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

(17) താളൂർ - ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളവും തമിഴ്നാടുമായി ബന്ധിക്കുന്ന ചേരമ്പാടി-താളൂർ-ബത്തേരി റോഡുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ ഉന്നയിക്കുന്നത്. 2019-ൽ കിഫ്ബി അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2021-ൽ ഏതാണ്ട് 8 കി.മി. റോഡിന്റെ പ്രവൃത്തി തമിഴ്നാട്ടിലെ ഒരു കൺസ്ട്രക്ഷൻ കമ്പനി ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചതാണ്. രണ്ടരവർഷമായിട്ടും ടി റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ

കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല റോഡ് മുഴുവൻ ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ചിട്ടിരിക്കുകയുമാണ്. വിദ്യാർത്ഥികൾക്കോ മറ്റ് യാത്രക്കാർക്കോ യാത്രചെയ്യാൻ കഴിയാത്തവിധം അസൗകര്യം സൃഷ്ടിച്ചിരിക്കുകയാണ്. ടി റോഡുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ ഗൗരവമായി ഇടപെട്ടിട്ടുണ്ട്. രണ്ടരവർഷമായി പണി തീർക്കാൻ കഴിയാത്ത കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. മാത്രമല്ല അങ്ങയുടെ ഇടപെടലിന്റെ ഭാഗമായി ടെണ്ടർ നടപടികളിലേയ്ക്ക് എത്തുന്നതിനുവേണ്ടി കിഫ്ബിയുടെ അനുമതിക്കായി ഫയൽ എത്തിയെന്നാണ് മനസ്സിലാക്കുന്നത്. പ്രസ്തുത റോഡുമായി ബന്ധപ്പെട്ട അവസ്ഥ സൂചിപ്പിക്കുകയാണെങ്കിൽ, അവിടെ ഒരു വണ്ടി മറിഞ്ഞതിനാൽ ഒരു വ്യക്തിയുടെ ഇടുപ്പ് എല്ല് തകർന്ന് ചികിത്സയിലാണ്. ഒരു വിദ്യാർത്ഥിയുടെ കൈ ഇലക്ട്രിക് പോസ്റ്റിൽ തട്ടി അറ്റുവീണു. ഇത്തരത്തിൽ നിരവധി അപകടങ്ങൾ സംഭവിക്കുകയാണ്. പ്രസ്തുത വിഷയങ്ങളൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് ആഗസ്റ്റ് 1 മുതൽ അവിടെ ജനകീയ സമരസമിതി നിരാഹാര സമരം നടത്തുകയാണ്. ടി വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങ് സമരത്തെ ഒരിക്കലും മുഖംതിരിഞ്ഞ് കാണുന്ന വ്യക്തിയല്ല. ഈ വിഷയത്തിൽ ഗൗരവത്തിൽ ഇടപെട്ടിട്ടുണ്ട് എന്ന

കാര്യത്തിൽ യാതൊരു തർക്കവുമില്ല. മാത്രമല്ല ഇത് തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന 8 കി.മി. റോഡാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് റീ ടെണ്ടർ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം. ഈ വിഷയത്തിലിടപെട്ട് സമരക്കാരുമായി ചർച്ച നടത്തണം. കൂടാതെ, ടി വിഷയവുമായി ബന്ധപ്പെട്ട് കൈരളി ചാനൽ എനിക്കെതിരെ ഉന്നയിച്ച ആരോപണവും സർക്കാർ പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വയനാട് ജില്ലയിലൂടെയുള്ള പ്രധാനപ്പെട്ട അന്തർസംസ്ഥാന പാതയായ സുൽത്താൻബത്തേരി - ചേരമ്പാടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ടി വിഷയവുമായി ബന്ധപ്പെട്ട് ഞങ്ങളെല്ലാവരും ഒരു ടീമായി തന്നെ ഇടപെട്ട് പരിഹാരം കാണാൻ തുടക്കംമുതൽ ശ്രമം നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യും വയനാട്ടിലെ വിവിധ രാഷ്ട്രീയ നേതൃത്വവും ഇത് ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. നേരിട്ട് തന്നെ ഞങ്ങൾ ഇടപെട്ട വിഷയമാണിത്. ഈ സർക്കാർ

അധികാരത്തിലെത്തിയ സമയം, അതായത് 2021 ജൂൺ മാസം 2-ാം തീയതി പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിച്ചതാണ്. കരാറുകാരൻ, ആദ്യഘട്ടത്തിൽ പ്രവൃത്തി നടത്താത്തതിനെത്തുടർന്ന് കർശനമായി ഇടപെടുന്ന സ്ഥിതിയാണുണ്ടായത്. തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. പിന്നീട് കരാർ ഏറ്റെടുത്ത വ്യക്തി പ്രവൃത്തിയിൽ അലംഭാവം കാണിച്ചു. ഏറ്റവുമൊടുവിൽ 30-05-2023-ന് വയനാട് ജില്ലയിലെത്തിയ ഘട്ടത്തിൽ ഈ റോഡിന്റെ പ്രവൃത്തി പ്രത്യേകം അവലോകനം ചെയ്യുകയുണ്ടായി. ഇതേത്തുടർന്ന് കരാറുകാരനെതിരെ നടപടി സ്വീകരിക്കാൻ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. 05-06-2023-ന് പൊതുമരാമത്ത് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ഒഴിവാക്കാൻ തീരുമാനിച്ചു. 2016 ശേഷമുള്ള വർഷങ്ങൾ പരിശോധിച്ചാൽ ഒരു കാര്യം മനസ്സിലാക്കാൻ കഴിയും. മെരിറ്റ് തഴയപ്പെടുന്ന രീതിയിലുള്ള ഏത് അവിശുദ്ധകൂട്ടുകെട്ടിനെയും അത് ന്യൂനപക്ഷം വരുന്ന ഉദ്യോഗസ്ഥരോ കരാറുകാരോ ആയിക്കൊള്ളട്ടെ, വികസനപ്രവർത്തനത്തെ പുറകോട്ട് അടുപ്പിക്കുന്ന നിലപാട് സ്വീകരിച്ചാൽ അത് കൈയുംകെട്ടി നോക്കിനിൽക്കുന്ന സമീപനമല്ല എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് പൊതുവെ കാണാൻ സാധിക്കും. ഏത് കേന്ദ്രത്തിൽ

നിന്ന് ഇത്തരം കരാറുകാരെ സംരക്ഷിക്കാനുള്ള ശിപാർശ വന്നാലും അതിനോട് ഒരു തരത്തിലും സഹകരിക്കുന്ന സമീപനമല്ല സർക്കാർ സ്വീകരിച്ചുവരുന്നത്. അത് ശക്തമായ നിലപാടാണ്. ഇവിടെത്തെ പ്രത്യേക സാഹചര്യത്തിൽ, ടെർമിനേഷനുശേഷം സഞ്ചാര യോഗ്യമാക്കുന്നതിന് 40 ലക്ഷം രൂപയുടെ അടിയന്തരഫണ്ട് അനുവദിക്കാനും തീരുമാനിച്ചിരുന്നു. ഇതിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. കാലതാമസംകൂടാതെ തന്നെ അവശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. നേരത്തെ അനുവദിച്ച സാമ്പത്തികാനുമതിയെക്കാൾ 24.2% കൂടുതലാണ് ഇപ്പോഴത്തെ തുക. ഇത് അനുവദിക്കണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി കാര്യത്തിൽ യോഗത്തിൽ തീരുമാനമെടുക്കാൻ കിഫ്ബിയിൽ ബന്ധപ്പെടുന്നുണ്ട്. ഓഫീസിൽ നിന്നുതന്നെ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. ജനങ്ങളുടെ ന്യായമായ ആവശ്യത്തെ അതേ അർത്ഥത്തിൽ കണ്ട് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബി അനുമതി ലഭിച്ചാലുടൻ സമയബന്ധിതമായി സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കും. കൃത്യമായി പ്രോസസ്സ് പരിശോധിക്കാൻ കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുന്നു.

(18) പെരുവാമൂഴി-ആരക്കുന്നം റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിൽ രണ്ട് കെ.എസ്.ടി.പി. റോഡുകളുണ്ട്. പിറവം-പെരുവാമൂഴി റോഡും പിറവം-ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട റോഡും. ഈ റോഡുകളെ സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ഞാൻ ഇതിനുമുമ്പും (ഫെബ്രുവരിയിൽ) ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നു. ഇതിൽ പ്രധാനപ്പെട്ട വിഷയം ഡി.പി.ആർ.-ൽ ആവശ്യമായ ഭേദഗതികൾ അനിവാര്യമായി വന്നിരിക്കുന്നു എന്നുള്ളതാണ്. ഡി.പി.ആർ. തയാറാക്കിയ സന്ദർഭത്തിൽ വീതി കൂട്ടേണ്ടതും ഉയർത്തേണ്ടതുമായ പല സ്ഥലങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല. അതിൽ നിരവധി മാറ്റങ്ങൾ വേണ്ടിവരികയും കുറേ മാറ്റങ്ങൾക്ക് അനുമതി ലഭിക്കുകയുമുണ്ടായി. ഇപ്പോഴത്തെ പ്രശ്നം രണ്ട് റോഡിന്റെയും പല ഭാഗങ്ങളിലും വീതി കുറവാണ് എന്നുള്ളതാണ്. വീതി കുറഞ്ഞ ഭാഗങ്ങളിൽ സൗജന്യമായി ഭൂമി വിട്ടുനൽകാൻ അവിടത്തെ ജനങ്ങൾ തയ്യാറാണ്. സൗജന്യമായി വിട്ടുതരുന്ന ഭൂമി ഏറ്റെടുത്ത് റോഡുകൾ വികസിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കൺസൾട്ടൻസി തയാറാക്കിയ വേരിയേഷനിൽ ആവശ്യമാണെന്നുകണ്ട

മാറ്റങ്ങൾ ഉൾക്കൊള്ളിക്കാൻ പ്രത്യേകം നിർദ്ദേശിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സബ്മിഷനിൽ മറുപടി നൽകിയിട്ടുണ്ട്. ആളുകൾ സൗജന്യമായി ഭൂമി വിട്ടുനൽകുന്ന സ്ഥലങ്ങളിൽ അത് ഏറ്റെടുത്ത് റോഡ് വികസിപ്പിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിൽ ഗവൺമെന്റിന് ചെലവൊന്നുമുണ്ടാകുന്നില്ല, മതിൽ കെട്ടിക്കൊടുത്താൽ മാത്രം മതി. അങ്ങനെയുള്ള സാഹചര്യത്തിൽ അത് നല്ല റോഡാക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, Rebuild Kerala Initiative-ന്റെ ഭാഗമായി നിർമ്മാണം നടത്തുന്ന രണ്ട് റോഡുകളുടെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ചാണ് ബഹുമാന്യനായ അനൂപ് ജേക്കബ് സബ്മിഷൻ ഉന്നയിച്ചത്. കുമരകം-നെടുമ്പാശ്ശേരി-പെരുവാമൂഴി ഭാഗത്ത് 21.4 കിലോമീറ്റർ റോഡ് നവീകരിക്കുന്നതാണ് പദ്ധതി. പത്തുകിലോമീറ്റർ കോൺക്രീറ്റ് റോഡ് 6.4 കിലോമീറ്റർ സബ് ബേസ് ഉൾപ്പെടെയുള്ള നവീകരണം ഉൾപ്പെടുത്തി DBM + BC പ്രവൃത്തി അഞ്ചു കിലോമീറ്റർ DBM + BC എന്ന നിലയിലാണ്

പ്രവൃത്തി. 26% പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങളുണ്ടായിരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. അവ ഓരോന്നായി പരിശോധിച്ച് തടസ്സം നീക്കിക്കൊണ്ടിരിക്കുകയാണ്.

1. ചില സ്ഥലങ്ങളിൽ വെള്ളം കയറാൻ സാധ്യതയുള്ളതിനാലും അപകട സാധ്യതയുള്ളതിനാലും ചില പ്രവൃത്തികൾകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ KSTP (Kerala State Transport Project) Project Director, Chief Engineer എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കി പരിശോധിക്കുകയാണ്.
2. റോഡ് ഉയരുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി വേണമെന്ന ആവശ്യം പരിഗണിച്ച് താൽക്കാലിക അനുമതി നൽകി പ്രവൃത്തി ആരംഭിച്ചു.

3. ഫണ്ടിംഗ് ഏജൻസിയായി ജർമ്മൻ ബാങ്ക് മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ RKI (Rebuild Kerala Initiative) കൂടി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. അതിന് സംയുക്ത യോഗങ്ങൾ തുടരുകയാണ്. ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡുകളുടെ പുനരുദ്ധാരണമാണ് മറ്റൊരു വിഷയം. റോഡ് BM & BC നിലവാരത്തിൽ ഉയർത്തുന്നതാണ് പദ്ധതി. ഇതിന്റെ 21.4% പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായ റോഡ് പ്രവൃത്തികൾ പ്രത്യേകമായിതന്നെ പരിശോധിക്കുന്നുണ്ട്. മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ഇതിനാവശ്യമായ യോഗങ്ങൾ തുടർന്നുവരുന്നുണ്ട്. പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ കൃത്യമായി അവലോകനം നടത്താൻ KSTP പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. അതിനനുസരിച്ച് ഇടപ്പെടൽ നടന്നുവരികയാണ്.

(19) <u>ആറന്മുള ഉത്തൃട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ്</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ,

"നിഗമാന്ത ഫണം നിവർത്തലകളിൽ

ആറന്മുള ഭഗവാന്റെ പള്ളിയോടമൊഴുകീടട്ടെ".

- *മഹാകവി പാലാ നാരായണൻ നായർ*

അപൂർവ്വമായ ചാതുര്യമുള്ള ശിൽപ്പികൾ തീർത്ത പള്ളിയോടങ്ങൾ പവിത്രമായ വിശ്വാസത്തിന്റെ മാത്രമല്ല സാമൂഹ്യ ഐക്യത്തിൽ അധിഷ്ഠിതമായ ഒരു സംസ്കാരത്തിന്റെയും ഉജ്ജ്വലമായ പ്രതീകങ്ങളാണ്. വഞ്ചിപ്പാട്ടിലൂടെയും ശ്ലോകത്തിലൂടെയും ആവശ്യപ്പെടുമ്പോൾ അറുപത്തിനാല് വിഭവങ്ങൾ വിളമ്പുന്ന വള്ളസദ്യ രുചിക്കാൻ ഭക്തരും പമ്പയുടെ ജലമർമ്മരങ്ങൾക്ക് പോലും നദോന്നതയുടെ ഇമ്പം പകർന്ന അമ്പത്തിരണ്ട് പള്ളിയോടങ്ങൾ അണിനിരക്കുന്ന നിറപ്പകിട്ടുള്ള ഉതൃട്ടാതി ജലോത്സവം കാണാൻ ആഭ്യന്തര വിദേശ സഞ്ചാരികൾ പൈതൃക ഗ്രാമമായ ആറന്മുളയിലേയ്ക്ക് എത്തുമ്പോൾ തീർത്ഥാടനത്തിനൊപ്പം ടൂറിസത്തിന്റെയും അപാരമായ സാധ്യതകളാണ് തെളിയുന്നത്. കാട്ടൂർ, കീക്കൊഴൂർ, ചെറുകോൽ, അയിരൂർ, പേരൂർ, ഇടപ്പാവൂർ, ഇടക്കുളം, പുല്ലൂപ്രം, റാന്നി തുടങ്ങി ചെന്നിത്തലവരെയുള്ള പമ്പാ തീരത്തെ അമ്പത്തിരണ്ട് പ്രദേശങ്ങളുടെ സാംസ്കാരിക സമ്പാദ്യമായ പള്ളിയോടങ്ങൾ

സംരക്ഷിക്കാനും അറ്റകുറ്റപണികൾ നടത്താനും പ്രതിവർഷം നാലുലക്ഷം മുതൽ അഞ്ചുലക്ഷം രൂപവരെ ചെലവ് വരും. പുതുക്കി പണിയേണ്ടിവന്നാൽ എഴുപത്തിയഞ്ചുലക്ഷം രൂപ കണ്ടെത്താനും വള്ളപ്പുരയും കടവുകളും സംരക്ഷിക്കാനും പള്ളിയോട സമിതികൾക്ക് ആകെ ആശ്രയം നാനാജാതിമതസ്ഥർ നൽകുന്ന സംഭാവനയും സഹായവും മാത്രമാണ്. ഈ പള്ളിയോടങ്ങൾ മഹത്തായ ഒരു പൈതൃകത്തിന്റെ പ്രതീകമാണ്. ടൂറിസത്തിന്റെ വലിയ സാധ്യതകൾക്ക് ആധാരമാകുന്ന പള്ളിയോടത്തിന്റെ സംരക്ഷണത്തിനായി പള്ളിയോടം നിർമ്മിക്കുന്ന നൈപുണ്യം കാത്തുസൂക്ഷിക്കാനും നമുക്ക് സർക്കാരിന്റെ സഹായം വേണം. നിലവിൽ ജലോത്സവങ്ങൾക്ക് മാത്രമാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു പൈതൃക ടൂറിസത്തിന്റെകൂടി ഭാഗമായി കണക്കാക്കി പൈതൃക ടൂറിസം പദ്ധതിക്കായി ധാരാളം പദ്ധതികൾ നടപ്പിലാക്കുന്ന ടൂറിസം മന്ത്രി ഇക്കാര്യത്തിനായി ഗ്രാന്റ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ചരിത്ര പ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയുടെ

നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് നിലവിൽ ധനസഹായം നൽകുന്നുണ്ട്. പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ് അനുവദിക്കണമെന്നാണ് ശ്രീ. പ്രമോദ് നാരായൺ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഈ മേഖലയിൽ അമ്പതോളം പള്ളിയോടങ്ങളുണ്ടെന്നാണ് ഏകദേശ കണക്ക്. ആറന്മുള ഉതൃട്ടാതി വള്ളംകളി വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ഒരുപോലെ ആകർഷിക്കുന്നതാണ്. ചെന്നിത്തല മുതൽ റാന്നി ഇടക്കുളംവരെ നീളുന്ന വലിയ ആഘോഷകാഴ്ചയാണ് ജലഘോഷയാത്രയായി തുഴഞ്ഞെത്തുന്ന പള്ളിയോടങ്ങൾ. പൈതൃകം പേറുന്ന പള്ളിയോടങ്ങളുടെ സംരക്ഷണത്തിനുള്ള സഹായമാണ് ഇവിടെ ന്യായമായും ഉന്നയിച്ചിട്ടുള്ളത്. ഏതു നിലയിൽ അത് സാധ്യമാകുമെന്ന് പരിശോധിക്കാം. മതസാഹോദര്യത്തിന്റെ ഉദാഹരണങ്ങളാണ് ഈ പള്ളിയോടങ്ങൾ. മതസാഹോദര്യം ഊട്ടിയുറപ്പിക്കുന്നതിന് ഏത് നിലയിലുള്ള ഇടപെടലും നടത്താൻ പ്രതിജ്ഞാബദ്ധമായ സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ എന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നിലയിൽ പൈതൃക ടൂറിസത്തിന്റെ സാധ്യതകളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന കാര്യം

പരിശോധിച്ച് ഇടപെടുമെന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ടൂറിസം വകുപ്പിൽനിന്നും പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകിയാൽ മതി. ഇതിനുവേണ്ടി പ്രത്യേക സ്കീമൊന്നും രൂപീകരിക്കാൻ കഴിയില്ല. ടൂറിസമായി കണ്ടുകൊണ്ട്, ടൂറിസം വകുപ്പിൽനിന്ന് പത്തോ പതിനേഴോ പള്ളിയോടങ്ങളാണുള്ളത്. ഈ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പതിനേഴല്ല അമ്പതോളം പള്ളിയോടങ്ങൾ അല്ലേ; എങ്ങനെയായാലും അത് പരിശോധിച്ച് ഇടപ്പെടാം.

(20) റേഷൻ വിതരണത്തിലെ പ്രശ്നങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് റേഷൻ വിതരണം മുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നം സഭയിൽ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പരിഹരിക്കപ്പെടാത്ത ചില കാര്യങ്ങൾ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യത്തിൽ

ദേശീയ ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് കാർഡുടമകൾക്ക് അലവൻസ് അനുവദിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് പ്രധാനമായിട്ടും ഉന്നയിക്കാനുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് റേഷൻ വിഹിതം കിട്ടിയില്ലെങ്കിൽ കാർഡുടമയ്ക്ക് അലവൻസിന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻകടയിൽ നിന്നും കിട്ടാത്ത അരി പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിനുള്ള തുക അലവൻസായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റേയോ പൊതുവിതരണ വകുപ്പുദ്യോഗസ്ഥരുടെയോ അലംഭാവംകൊണ്ടോ അപ്രതീക്ഷിത സംഭവങ്ങൾകൊണ്ടോ റേഷൻ ലഭിക്കാതെ വരുമ്പോഴാണ് അലവൻസിന് അർഹതയുണ്ടാകുന്നത്. എന്നാൽ ഇത് പ്രാവർത്തികമാക്കാൻ പലപ്പോഴും ഗവൺമെന്റ് തലത്തിൽ നടപടികളുണ്ടാകുന്നില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർവർ തകരാർ അപ്രതീക്ഷിതമായി സംഭവിക്കുന്നതാണെന്ന് പറയാറുണ്ടെങ്കിലും ഇത് തുടർച്ചയായി സംഭവിക്കുന്നത് പരിഹരിക്കുന്നതിന് ഗവൺമെന്റ് കാര്യക്ഷമമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർവർ തകരാറുപോലെ 2017-ൽ

ആരംഭിച്ച ഇ-പോസ് സംവിധാനം തകരാറിലാകുന്നതും പ്രവർത്തനരഹിതമാകുന്നതും നിത്യസംഭവമാണ്. ഇതെല്ലാം കാരണം റേഷൻ വിതരണം മുടങ്ങിപോകുന്നുവെന്നത് സംസ്ഥാനത്ത് പരാതിയായി ഉയർന്നു നിൽക്കുകയാണ്. സംസ്ഥാനത്തെ പതിനാലായിരത്തിൽപ്പരം റേഷൻകടകളിൽ നിന്നും സാധാരണക്കാർക്ക് റേഷൻ വാങ്ങാൻ കഴിയാത്ത വിധം പലപ്പോഴും സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്നതുകൊണ്ടുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. റേഷൻ വ്യാപാരികൾ വിവിധ സന്ദർഭങ്ങളിൽ കൊടുത്ത കിറ്റിന്റെ നഷ്ടപരിഹാരത്തുക ഇതുവരെ കൊടുത്തുതീർന്നിട്ടില്ലെന്നത് ഒരിക്കൽക്കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, മുൻഗണനാ കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ കാർഡുടമയ്ക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 അനുച്ഛേദം (8)-ൽ

വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്ത് റേഷൻ മുടങ്ങുന്നതോ നിഷേധിക്കുന്നതോ ആയ സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല. റേഷൻകടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീൻ മുഖാന്തരം വിരലടയാളം പതിപ്പിച്ച് ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിഹിതം അനുവദിക്കുന്ന സാങ്കേതിക സംവിധാനത്തിൽ സാന്ദർഭികമായി പിഴവുകൾ സംഭവിക്കാറുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിച്ച് റേഷൻ വിതരണം സുഗമമായി മുന്നോട്ടുപോകുന്നുണ്ട്. സർവറിൽ സൂക്ഷിച്ചിരിക്കുന്ന വിവരശേഖരത്തിന്റെ ബാഹുല്യംമൂലം ഈ പ്രക്രിയയിൽ മുമ്പ് പ്രയാസം നേരിട്ടിരുന്നു. അത് പരിഹരിച്ചിട്ടുണ്ട്. ജൂൺ മാസത്തിലുണ്ടായ തകരാർ ആധാർ ഓതന്റിക്കേഷന്റെ വേഗതക്കുറവുമായി ബന്ധപ്പെട്ടതാണ്. സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്, ആധാർ-പാൻ കാർഡ് ലിങ്കിംഗ് എന്നിവയ്ക്കുള്ള അവസാനത്തെ അവസരം എന്ന നിലയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട ഇ-ഡിസ്ട്രിക്ട്, ഇ-ഗ്രാന്റ്സ് എന്നിവയുമായി ബന്ധപ്പെട്ടും ഏറ്റവും തിരക്കേറിയ ആധാർ ഓതന്റിക്കേഷൻ നടക്കുന്ന സമയമായിരുന്നു ജൂൺ മാസം.

സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഇത്തരം സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ, മറ്റ് ഇ-സേവ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെട്ടു. ആധാർ ഓതന്റിക്കേഷൻ പ്രക്രിയയുടെ വേഗതക്കുറവിനുള്ള കാരണം ഇതായിരുന്നു. ഈ സാഹചര്യത്തിലാണ് സാധാരണയിൽ കൂടുതലായി ഒ.ടി.പി. സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തേണ്ടതായി വന്നത്.

എന്നാൽ ഈ സാങ്കേതിക പ്രശ്നങ്ങൾമൂലം ഒരാൾക്കും റേഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. അത്തരം സന്ദർഭങ്ങളിൽ മുമ്പും ഇപ്പോഴും തൊട്ടടുത്ത മാസത്തിന്റെ ആദ്യദിനങ്ങളിൽ മുൻമാസത്തെ റേഷൻ വാങ്ങാൻ കഴിയുന്ന ക്രമീകരണം നടത്തിയിട്ടുണ്ട്. 2023 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എ.എ.വൈ. വിഭാഗത്തിലെ 97 ശതമാനംപേരും പി.എച്ച്.എച്ച്. വിഭാഗത്തിൽ 94 ശതമാനംപേരും റേഷൻ കൈപ്പറ്റിയിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് ആർക്കും റേഷൻ നിഷേധിക്കപ്പെടാത്തതിനാൽ കാർഡുടമകൾക്ക് ഭക്ഷ്യഭദ്രത അലവൻസ് അനുവദിക്കേണ്ട സാഹചര്യം നിലവിലില്ലെന്ന വിവരം സഭയെ അറിയിക്കുന്നു.